
ബൈബിൾ
ട്രൂത്ത്
THE BIBLE TRUTH

# പുതിയ നിയമ സഭ

സ്ഥാപകൻ - ക്രിസ്തു. സ്ഥലം - യെരുശലേം. എപ്പോൾ - എ.ഡി. 33-ൽ.
മത്തായി 16:18 തല - ക്രിസ്തു എഫെ. 1:22 പ്രവൃത്തി 2:5-47
പ്രവൃത്തി 2 തലസ്ഥാനം - സ്വർഗ്ഗം - ഫിലി 3:20

| | | |
|---|---|---|
| സംഘടന എഫെ 3:15 | മൂപ്പന്മാർ | - തീത്തൊ 1:5-7, പ്രവൃത്തി 20:23 1തിമൊ 3:1-7 |
| | ശുശ്രൂഷകന്മാർ | - പ്രവൃത്തി 6:1 1തിമൊ 3:8-13 |
| | അംഗങ്ങൾ | - പ്രവൃത്തി 2:41-47, കൊലൊ 1:13, 1 കൊരി 1:2 |
| സഭയെ അറിയപ്പെട്ടത് എഫെ 3:15 | ദൈവസഭ | - 1കൊരി 1:2, പ്രവൃത്തി 20:28 |
| | ക്രിസ്തുവിന്റെ ശരീരം | - കൊലൊ 1:13, എഫെ 1:22-23 |
| | ക്രിസ്തുവിന്റെ സഭകൾ | - മത്താ. 16:18, റോമർ 16: 16 |
| | ക്രിസ്തുവിന്റെ മണവാട്ടി | - റോമർ 1:4, വെളി. 21:9 |
| അംഗങ്ങളെ അറിയപ്പെട്ടത് എഫെ 3:15 | ശിഷ്യന്മാർ | - യോഹ. 15:8, പ്രവൃത്തി 11:26 |
| | വിശുദ്ധന്മാർ | - റോമർ 1:7, 1 കൊരി 1:2, ഫിലി. 1:1 |
| | സഹോദരന്മാർ | - ലൂക്കോ 8:21, ഗലാത്യർ 6:1 |
| | മക്കൾ | - ഗലാത്യർ 3:26, 1 യോഹ 2:1 |
| | ക്രിസ്ത്യാനികൾ | - പ്രവൃത്തി 11:26, 26:28, 1 പത്രൊ 4 :16 |
| വിശ്വാസ നിയമവും | ദൈവവചനം | - മത്തായി 28:18-20, 2 തിമൊ. 3:16-17 2 പത്രൊ 1:3 |
| പരിശീല നവും | പാട്ട് | - കൊലൊ 3:16, എഫെ 5:19, 1 കൊരി 14:15, എബ്രാ 2:12 |
| | പ്രാർത്ഥന | - 1തെസ 5:17 |
| | പ്രസംഗം | - പ്രവൃത്തി 5:42 |
| ആരാധന | കർത്തൃമേശ | - പ്രവൃത്തി 20:7, 1 കൊരി 11:23 |
| | ധർമ്മ ശേഖരം | - 1 കൊരി 16:1-2 |
| ദൗത്യം | ആത്മാക്കളെ രക്ഷിക്കൽ | - മത്താ. 5:13-16, യോഹ 15:8-16, 1 തിമൊ 4:16 |
| മുന്നറിയിപ്പ് | വിശ്വസ്തരായിരിക്കണം | - മത്തായി 15:9, 15:13, ഗലാ. 1:6-8, 2 യോഹ. 9-10 |

# THE BIBLE TRUTH

**Editors**

**P.K. VARGHESE** **J.C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 19** **April** **2005** **No.1**


## *എഡിറ്റോറിയൽ*

കഷ്ട നഷ്ടങ്ങളും വേദനയും ദു:ഖവും ഏറി വരുമ്പോൾ മാത്രം ദൈവത്തെ ആശ്രയിക്കയും അതിൽ നിന്നു മുക്തമാകുമ്പോൾ ദൈവത്തെ മറക്കുകയും ചെയ്യുന്ന മനോഭാവമാണ് മനുഷ്യർക്കുളളത്. മനുഷ്യ ചരിത്രം നോക്കിയാൽ അതു പണ്ടു മുതലേ കണ്ടു വരുന്നുണ്ട്. ദൈവകല്പനകൾ അനുസരിക്കാതെ മറുതലിച്ചു ജീവിച്ച യിസ്രായേൽ ജനത്തെ അടിമത്വത്തിലേയ്ക്കു അയച്ചു. ദൈവ ജനം അവിടെ കഷ്ടപ്പെടുവാൻ തുടങ്ങി. ജോലി ഭാരം അവർക്കു അസഹ്യമായി തീർന്നു. അപ്പോൾ അവർ ദൈവത്തെ വിളിച്ചപേക്ഷിച്ചു. അവരുടെ നിലവിളി ദൈവ സന്നിധിയിലെത്തിയപ്പോൾ അവൻ മോശയെ അയച്ചു അത്ഭുതകരമായി അവരെ വിടുവിച്ചു കൊണ്ടു വന്നു. പക്ഷെ അധിക നാൾ കഴിയുന്നതിനു മുൻപു അവർ അതു മറന്നു. തങ്ങളുടെ പ്രവൃത്തിയാൽ അവർ ദൈവത്തെ കോപിപ്പിക്കാൻ തുടങ്ങി. തൽഫലമായി അവർ മരുഭൂമിയിൽ അലഞ്ഞുതിരിഞ്ഞു.

പിന്നീടുളള തലമുറയും അതിൽ നിന്നു വ്യത്യസ്തരായി കാണുന്നില്ല. വളരെ ചുരുക്കം ചിലരൊഴിച്ചു ദൈവത്തെ ശരിക്കു മനസ്സിലാക്കാത്തവരായിരുന്നു അധികവും. അതിൽ ദൈവത്തെ അറിഞ്ഞിട്ടു ദൈവത്തെ മഹത്വപ്പെടുത്തുകയോ നന്ദി കാണിക്കുകയോ ചെയ്യാത്തവരും ഉണ്ട്. മന:പൂർവ്വം ധിക്കാരികളായിതീരുന്ന ചില കുട്ടികളെ പോലെ എന്നു പറയാം. അതുകൊണ്ടു ദൈവം അവരെ ഉചിതമല്ലാത്തതു ചെയ്യാൻ ഏല്പിച്ചു കൊടുത്തു. മനുഷ്യ ജീവിതം ക്ലേശപൂർണ്ണമാകാനുളള കാരണം അതാണ്. ശാസ്ത്രീ

യമായ ഉയർച്ചയും ധനബാഹുല്യവും അനവധിപേരെ അപകട ത്തിൽ ചാടിക്കുന്നു. സമൃദ്ധി ചിലരെ ദൈവത്തെ മറക്കുന്ന പ്രവൃ ത്തിയിലേയ്ക്കു മാറ്റും. സ്വഭാവത്തെ മാറ്റുവാൻ പോലും കാരണ മാകുന്നു. മാതാപിതാക്കൾ മക്കൾക്കു വേണ്ടി ചെയ്യുന്ന ത്യാഗ ത്തെ കണക്കിലെടുക്കാതെ ജീവിക്കുന്ന മക്കൾ ഉണ്ട്. മാതാപി താക്കളോടു നന്ദിയില്ലാതെ, അവരെ അനുസരിക്കാതെ അവരുടെ സ്വന്ത മോഹങ്ങൾക്കനുസരിച്ചു ജീവിക്കുന്ന മക്കൾക്കു ദു:ഖമാ ണുണ്ടാവുന്നത്. യുവത്വത്തിൽ തന്റെ സൃഷ്ടാവിനെ ഓർക്ക എന്ന ദൈവ കല്പന അവരിൽ ഇല്ല എന്നതാണ് കാരണം.

യേശുക്രിസ്തു ഈ ഭൂമിയിൽ വന്നു നമ്മെ പോലെ ജീവി ച്ചപ്പോൾ ആളുകളുടെ അധഃപതിച്ച ജീവിതത്തെ മനസ്സിലാക്കി. തിരുവെഴുത്തുകളേയും ദൈവ ശക്തിയേയും ആളുകൾ തിരിച്ചറി യാത്തതു കൊണ്ടാണ് ആളുകൾ തെറ്റി പോകുന്നത്. ഉദാഹരണ മായി യാക്കോബ് ലാബാനു വേണ്ടി സേവ ചെയ്തു. ലാബാൻ യാക്കോബിനു നൽകിയ വാഗ്ദാനം നിറവേറ്റിയതുമില്ല. യിസ്രായേ ലിനെ വിടുവിച്ചു കൊണ്ടു വന്ന മോശയെ യിസ്രായേൽ കല്ലെറി യാൻ ഭാവിച്ചു. നന്ദി കാണിക്കേണ്ടതിനു പകരം നന്ദികേടാണ് കാണിച്ചത്. യേശു പത്തു കുഷ്ഠ രോഗികളെ സൗഖ്യമാക്കി..ഒരാൾ മാത്രം മടങ്ങി വന്നു അവനെ മഹത്വപ്പെടുത്തി അവനെ നമസ്കരി ച്ചു നന്ദി പറഞ്ഞു. ബാക്കി ഒമ്പതു പേർ എവിടെ പോയി എന്നു യേശു ചോദിക്കുന്നുണ്ട്. നമ്മിൽ അനേകർ അതു പോലെയല്ലേ? ദൈവം നമുക്കു ധാരാളം അനുഗ്രഹങ്ങൾ നല്കിയിട്ടുണ്ട്. ഇപ്പോ ഴും നല്കിക്കൊണ്ടിരിക്കുകയാണ്. അതിനു നാം വാസ്തവത്തിൽ നന്ദികരേറ്റാത്തതു കൊണ്ട് തുടർന്നു ദൈവത്തിനു പ്രവർത്തിക്കാൻ പറ്റാതിരിക്കുന്നു. പൊതുവായ അനുഗ്രഹങ്ങളെ നാം ദൈവത്തി ന്റെ ദാനമായി കാണണം. അങ്ങനെ അവന്റെ കല്പനകളെ അനുസ രിച്ചു ജീവിക്കയും വേണം.

ദൈവത്തെ അനുസരിച്ചു ജീവിക്കുന്നവർക്കു ദൈവം പ്ര ത്യേകമായ അനുഗ്രഹങ്ങൾ തരും. 'നാം എപ്പോഴും നന്ദിയുള്ളവ രായിരിക്കണം.

★

# പുതുഭാഷകളിൽ സംസാരിക്കൽ

ജെ.സി. ചോട്ട്

"അന്യഭാഷകളിൽ" സംസാരിക്കുന്നതിനെ കുറിച്ചു ധാരാളം ആളുകൾ പറഞ്ഞു വരുന്നതു നാം കേട്ടിട്ടുണ്ട്. ബുദ്ധിരഹിതമായ അഥവാ തെളിവില്ലാത്ത ശബ്ദം പുറപ്പെടുവിക്കുന്നതിനെചോദ്യം ചെയ്യുമ്പോൾ അവരുടെ പ്രതികരണം അതു"സ്വർഗ്ഗീയ" ഭാഷയാണെന്നാണ്. അതു ദൈവത്തിനു മാത്രമേ മനസിലാകയുള്ളു എന്നാണവർ പറയുന്നത്. ബൈബിൾ പഠിപ്പിക്കുന്നതു ശരിയായി നമുക്കറിയാമെങ്കിൽ തീർച്ചയായും വൈപരീത്യം വ്യക്തമാകും. ദൈവം അരുളി ചെയ്തിരിക്കുന്നതിനു എതിരാണ് ഇവർ പറയുന്നതെല്ലാം.

അപ്പൊസ്തലന്മാർക്കു മാത്രം വാഗ്ദാനം ചെയ്ത ഒന്നായിരുന്നു പരിശുദ്ധാത്മ സ്നാനം. ദയവായി യോഹന്നാൻ 14:26; ലൂക്കൊസ് 24:49; പ്രവൃത്തി 1:8 എന്നീ വാക്യങ്ങൾ വായിക്കുക. യെരുശലേമിൽ വെച്ചു പെന്തെകൊസ്തു നാളിൽ, കർത്താവു വാഗ്ദാനം ചെയ്തതുപോലെ അവർക്കു ശക്തി ലഭിച്ചു. അപ്പൊസ്തലന്മാർ ഒഴികെ അന്നു അവിടെ കൂടി വന്ന മറ്റാരിലും പരിശുദ്ധാത്മാവ് പകരുകയുണ്ടായില്ല. കർത്താവിന്നു ഭൗതികമായി തുടർന്നു അവരോടൊപ്പം ആയിരിക്കാൻ പറ്റാത്തതുകൊണ്ടും അവർ കർത്താവിന്റെ വേല സത്യാനുസരണം ചെയ്യേണ്ടതുകൊണ്ടും അവൻ അവർക്കു ശക്തി കൊടുത്തു. ദൈവവചനം തെറ്റു കൂടാതെ പ്രസ്താവിക്കേണ്ടതിന്നു പരിശുദ്ധാത്മ സഹായം അവർക്കു ആവശ്യമായിരുന്നു.

ഇന്നു നമുക്കുള്ളതു പോലെ അന്നു എഴുതപ്പെട്ട പുതിയ നിയമം ഇല്ലായിരുന്നു. അപ്പൊസ്തലന്മാർ സംസാരിക്കുന്നതു പരിശോധിക്കുവാൻ അവർക്കു കഴിഞ്ഞിരുന്നില്ല. ഈ ഇടവേളയിൽ പരിശുദ്ധാത്മാവിന്റെ ശക്തി അപ്പൊസ്തലന്മാരിൽ കൊടുത്തു. അവർ പ്രാദേശിക ഭാഷകളിൽ ജനത്തോട് ദൈവത്തിന്റെ വൻകാര്യങ്ങൾ സംസാരിച്ചു. അവർ വിവിധ വീര്യപ്രവർത്തികളും അത്ഭുതങ്ങളും ചെയ്തു കർത്താവിന്റെ വേലയിൽ അവർ മുതിർന്നു വന്നു. ഓരോ പ്രദേശത്തുമുള്ളവരുടെ പ്രാദേശിക ഭാഷയിൽ അപ്പൊസ്തലന്മാർ സംസാരിച്ചതു ജനങ്ങൾക്കു മനസിലായിരുന്നു. (പ്രവൃത്തി 2-ാം അദ്ധ്യായം). ഇന്നു അന്യഭാഷയിൽ സംസാരിക്കുന്നു എന്ന്

അവകാശപ്പെടുന്നവരുടെ ശബ്ദം ആളുകൾക്കു മനസിലാകാത്തതിന്റെ കാരണം അവർക്കു പരിശുദ്ധാത്മാവു കൊണ്ടുള്ള സ്നാനം ലഭിച്ചിട്ടില്ല എന്നതാണ്. ഈ ആളുകൾ വിദേശങ്ങളിൽ പോകുമ്പോൾ ആ പ്രദേശത്തുള്ള ആരെയെങ്കിലും പ്രസംഗം തർജ്ജിമ ചെയ്യുവാൻ ഏർപ്പാട് ചെയ്യും. അപ്പൊസ്തലന്മാർ ആരെങ്കിലും ഇങ്ങനെ ചെയ്തിട്ടുള്ള ഉദാഹരണം നിങ്ങൾക്കു കാണിച്ചു തരാമോ? കാണിക്കാൻ സാദ്ധ്യമല്ല. മറിച്ച് അപ്പൊസ്തലന്മാർ പരിശുദ്ധാത്മ ശക്തിയാൽ സ്ഫുടമായി പ്രാദേശികമായ ഭാഷകളിൽ തന്നെസംസാരിച്ചു.

പരിശുദ്ധാത്മാവിന്റെ ശക്തി അപ്പൊസ്തലന്മാരിൽ ഉണ്ടായിരുന്നതിന്റെ തെളിവാണത്. യേശു പഠിപ്പിച്ചതെല്ലാം പരിശുദ്ധാത്മാവ് അവരെ ഓർമ്മിപ്പിക്കയും ചെയ്തു. പരിശുദ്ധാത്മാവ് അവരെ സകല സത്യത്തിലും വഴി നടത്തുകയുണ്ടായി. ഭാവികാര്യങ്ങളെ അവർക്കു മുൻകൂട്ടി അറിയിക്കാൻ കഴിഞ്ഞിരുന്നു. അവർ രോഗികളെ സൗഖ്യമാക്കുകയും മരിച്ചവരെ ഉയിർപ്പിക്കയും ചെയ്തു. അപ്പൊസ്തലന്മാർക്കുണ്ടായിരുന്ന അതേ ശക്തി ഉണ്ട് എന്നവകാശപ്പെടുന്നവർ അതു തെളിയിക്കാൻ ബാദ്ധ്യസ്ഥരാണ്. അവരുടെ സത്യസന്ധത ബൈബിളിൽ പറയുന്നതിനോട് യോജിക്കണമല്ലോ. അവർ ഇങ്ങനെ പറയുന്നതിന്റെ ആധികാരികത ബൈബിളിൽ നിന്നു തന്നെ തെളിയിക്കപ്പെടണം.

സഭയുടെ ശൈശവദിശയിൽ അപ്പൊസ്തലന്മാർക്കു ശരിയായി ശുശ്രൂഷ ചെയ്യുവാൻ ദൈവിക സഹായം ആവശ്യമായിരുന്നു. സഭയുടെ വളർച്ചക്കും ഭൗതികമായ ആവശ്യങ്ങൾക്കും ദൈവികശക്തി അനിവാര്യമായിരുന്നു. മേശയിൽ ശുശ്രൂഷ ചെയ്യുവാൻ പരിശുദ്ധാത്മാവു നിറവുള്ളവരെയാണ് തിരഞ്ഞെടുത്തിരുന്നത്. അവർക്കു പരിശുദ്ധാത്മ ദാനം ലഭിച്ചവരാണെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക (പ്രവൃത്തി 2:38). ആ സമയത്തു അവർക്കു പരിശുദ്ധാത്മാവിന്റെ അത്ഭുത ശക്തി ലഭിച്ചിരുന്നില്ല. ക്രിസ്തുവിലായി തീരുന്ന എ ല്ലാവർക്കും പരിശുദ്ധാത്മ സ്നാനം ലഭിക്കും എന്ന തെറ്റായ ഉപദേശത്തെ തോല്പിക്കുന്നതാണിത്. അപ്പൊസ്തല പ്രവർത്തികൾ 2 മുത ൽ 6 വരെയുള്ള അദ്ധ്യായങ്ങൾ വായിച്ചാൽ അപ്പൊസ്തലന്മാർക്കു മാത്രമാണ് പരിശുദ്ധാത്മാവുകൊണ്ടുള്ള സ്നാനം ലഭിച്ചതു എന്നു വ്യക്തമാകും. മറ്റുള്ളവർക്കെല്ലാം അവർ

വെള്ളത്തിൽ സ്നാനമേല്ക്കുമ്പോൾ ലഭിക്കുന്നതു അത്ഭുതകരമല്ലാതെ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ദാനമാണ്. അങ്ങനെ ആ ഏഴു പേരെ തെരഞ്ഞെടുത്തു. അപ്പൊസ്തലന്മാർ അവരുടെ മേൽ കൈ വെച്ചു: അങ്ങനെ അവർ അത്ഭുതങ്ങൾ ചെയ്യുക, അന്യഭാഷയിൽ സംസാരിക്കുക തുടങ്ങിയവ ചെയ്യാൻ തുടങ്ങി.

പരിശുദ്ധാത്മാവിന്റെ നാലു അളവിനെ നമുക്കു കാണിച്ചു തരുന്നു.

(1) ക്രിസ്തുവിനു പരിശുദ്ധാത്മാവ് അളവു കൂടാതെയാണ് കൊടുത്തത്; അല്ലെങ്കിൽ പരിധിയില്ലാതെ (യോഹന്നാൻ 3:34)

(2) അപ്പൊസ്തലന്മാർ പരിശുദ്ധാത്മാവിൽ സ്നാനം ഏറ്റു എല്ലാ വിധത്തിലുമുള്ള അത്ഭുതങ്ങൾ ചെയ്യുവാനും മറ്റുള്ളവർക്കു ചില അത്ഭുതങ്ങൾ ചെയ്യുവാനുമുള്ള കഴിവു പകർന്നു കൊടുപ്പാനും കഴിഞ്ഞിരുന്നു (യോഹന്നാൻ 15:26, 27; 16:7, 8; പ്രവൃത്തി1:5,8).

(3) ദൈവവചനം അനുസരിക്കുന്നവർക്കെല്ലാം അവർ വചന പ്രകാരം സ്നാനം ഏല്ക്കുമ്പോൾ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും (പ്രവൃത്തി 2: 38).

(4) തെരഞ്ഞെടുത്ത ആളുകളുടെ മേൽ കൈവെച്ചു അവർക്കു വ്യക്തിപരമായ അത്ഭുതശക്തി നല്കുവാനും അപ്പൊസ്തലന്മാർക്കു കഴിഞ്ഞിരുന്നു. അതായതു ഒരാൾ പഠിച്ചിട്ടില്ലാത്ത ഭാഷയിൽ സംസാരിക്കാൻ അങ്ങനെ കഴിഞ്ഞു. വേറൊരാൾക്കു രോഗികളെ സൗഖ്യമാക്കുവാൻ കഴിഞ്ഞു. പരിശുദ്ധാത്മ സഹായത്താൽ ഇനിയുമൊരാൾക്കു അത്ഭുതജ്ഞാനം – അങ്ങനെ ഇടവകയിലെ അംഗങ്ങൾ ആയ ക്രിസ്ത്യാനിയുടെ വിവിധ വശങ്ങൾ സംയോജിപ്പിച്ചു പ്രവർത്തിച്ചിരുന്നു (1 കൊരിന്ത്യർ12:13,14).

തന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയ്ക്കു ശേഷം യേശു അപ്പൊസ്തലന്മാരോടു ലോകത്തിൽ എല്ലാവരോടും സുവിശേഷം അറിയിക്കുവാൻ കല്പന കൊടുത്തു. വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും എന്നും അവൻ പറഞ്ഞിരുന്നു, അവൻ അപ്പൊസ്തലന്മാർക്കു വാഗ്ദാനം ചെയ്തതു "വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും; എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; പുതുഭാഷകളിൽ സംസാരിക്കും;

സർപ്പങ്ങളെ പിടിച്ചെടുക്കും; മരണകരമായ യാതൊന്നു കുടിച്ചാലും അവർക്കു ഹാനി വരികയില്ല. രോഗികളുടെ മേൽ കൈവെച്ചാൽ അവർക്കു സൗഖ്യം വരും എന്നു പറഞ്ഞു" (മർക്കൊസ്16:17-18). ഇങ്ങനെ കർത്താവായ യേശു അവരോടു അരുളിചെയ്ത ശേഷം സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടു. ദൈവത്തിന്റെ വലത്തുഭാഗത്തു ഇരുന്നു. അവർ പുറപ്പെട്ടു എല്ലാടത്തും പ്രസംഗിച്ചു. കർത്താവു അവരോടു കൂടെ പ്രവർത്തിച്ചും അവരാൽ നടന്ന അടയാളങ്ങളാൽ വചനത്തെ ഉറപ്പിച്ചും പോന്നു (മർക്കൊസ് 16:19-20). ഈ അത്ഭുത കാര്യങ്ങൾ എല്ലാം വാഗ്ദാനം ചെയ്തിരുന്നതു അപ്പൊസ്തലന്മാർക്കായിരുന്നു എന്നു ശ്രദ്ധിക്കുക. ആ വാഗ്ദാനങ്ങളുടെ ഒരു ഭാഗമായിരുന്നു പുതുഭാഷയിൽ സംസാരിക്കുന്നത്. അതു അപ്പൊസ്തല പ്രവൃത്തി 2-ാം അദ്ധ്യായത്തിൽ സംഭവിച്ചിട്ടുണ്ട്.

അപ്പൊസ്തലന്മാരും അവരുടെ കൈവെപ്പ് ലഭിച്ചവരും മരിച്ചു. പുതിയനിയമം പൂർണ്ണമായി എഴുതുകയും ചെയ്തു. പിന്നീട് അത്ഭുതങ്ങളോ വീര്യപ്രവർത്തികളോ ആവശ്യമില്ലാത്തതുകൊണ്ടു അവ നിന്നു പോകും, പൌലോസ് പറഞ്ഞു: "സ്നേഹം ഒരു നാളും ഉതിർന്നു പോകയില്ല; പ്രവചന വരമോ അതു നീങ്ങിപോകും; ഭാഷാ വരമോ അതു നിന്നു പോകും; ജ്ഞാനമോ അതു നീങ്ങി പോകും; അംശമായിമാത്രം നാം അറിയുന്നു, അംശമായി നാം പ്രവചിക്കുന്നു. പൂർണ്ണമായതു വരുമ്പോഴോ അംശമായതു നീങ്ങി പോകും" (1കൊരിന്ത്യർ 13:8-10).

പൂർണ്ണമായതു എന്നു അവിടെ പറഞ്ഞിരിക്കുന്നതു ചിലർ തെറ്റായി ധരിച്ചു വെച്ചിരിക്കുന്നതു പോലെ കർത്താവിന്റെ വരവല്ല. അതു എന്നു പറഞ്ഞിരിക്കുന്നതു പുതിയനിയമത്തെ ഉദ്ദേശിച്ചാണ് വചനം പൂർത്തിയായി ലഭിച്ചുകഴിയുമ്പോൾ അംശമായതെല്ലാം നീങ്ങിപ്പോകും എന്നു പറഞ്ഞിരിക്കുന്നു. അതുകൊണ്ട് അന്യഭാഷയോ അത്ഭുതവരങ്ങളോ ആവശ്യമില്ല. വചനത്തിൽ എല്ലാം വെളിപ്പെടുത്തി കഴിഞ്ഞു.

★

# ബൈബിളിൽ വൈപരീത്യമുണ്ടോ?

## വെയിൻ ജാക്സൺ

അവിശ്വാസികൾ ഇടക്കിടയ്ക്ക് പറയാറുള്ളതു, "ബൈബിളിൽ തെറ്റുകളും പരസ്പരവിരുദ്ധങ്ങളായ കാര്യങ്ങളും ഉണ്ടെന്നാണ്. എങ്കിലും അത്തരം വൈരുദ്ധ്യങ്ങളെ വെല്ലുവിളിയോടെ നേരിട്ടിട്ടുണ്ട്. വിമർശനക്കാർ കാടടച്ചു വെടി വെക്കുകയാണ് ചെയ്യുന്നത്, വൈരുദ്ധ്യങ്ങൾ പലതുണ്ട് എന്നവർ പറയും. വേദഭാഗങ്ങൾ തമ്മിലുള്ള വ്യത്യാസം ഉണ്ടെന്നു അവർ പ്രചരിപ്പിക്കും. വാസ്തവത്തിൽ പരസ്പരവിരുദ്ധമായ വാക്യങ്ങളോ വ്യത്യാസങ്ങളോ ബൈബിളിൽ ഇല്ല.

നിരപരാധികളുടെ മനസിലേക്കു തെറ്റിദ്ധാരണ കടത്തിവിടുകയാണ് ഇവർ ചെയ്യുന്നത്. പ്രായോഗികമായ ബൈബിളിലെ വാക്യങ്ങൾ ആർക്കും പരിശോധിക്കാവുന്നതാണ്. ഊഹാപോഹങ്ങളെ ആശ്രയിക്കരുത്. സാങ്കല്പികമായ ഒന്നും ആധികാരികമായിരിക്കയില്ല. പക്ഷെ ഏതൊരു വ്യക്തിക്കും കാര്യകാരണ സഹിതം വിവേചിച്ച് ഗ്രഹിക്കാവുന്ന ഒന്നാണ് തിരുവെഴുത്തുകൾ. വെളിപ്പെടുത്തിയ ദൈവത്തിന്റെ വൻകാര്യങ്ങൾ മനുഷ്യരുടെ പ്രയോജനത്തിനായി തന്നിരിക്കുന്നതാണ്. മനസിലാക്കുന്നതിൽ ആളുകൾ പരാജയപ്പെടുന്നുണ്ട്. തെറ്റു കണ്ടെത്തുക എന്ന ലക്ഷ്യം വച്ചു വായിക്കുന്നവർക്കും സംശയം വെച്ചുകൊണ്ടു വായിക്കുന്നവർക്കും അതു തന്നെ കണ്ടെത്താൻ കഴിയും. വസ്തുനിഷ്ഠമായ വിലയിരുത്തലിന്നു ആത്മാർത്ഥമായ സമീപനം ഉണ്ടാകണം.

## വൈരുദ്ധ്യത്തിന്റെ സ്വഭാവം

യഥാർത്ഥ വൈരുദ്ധ്യത്തിൽ അടങ്ങിയിരിക്കുന്ന കൃത്യത അനേകം ആളുകൾക്കും അറിഞ്ഞുകൂടാ. വെറുമൊരു വ്യത്യാസം ഒരിക്കലും വിരുദ്ധമായി തീരണമെന്നില്ല എന്ന സത്യം നാം ഊന്നി പറയണം. ഒരു വ്യക്തിയെക്കുറിച്ചോ ഒരു വസ്തുവിനെക്കുറിച്ചോ പറയുമ്പോൾ കാലയളവും പ്രധാനമാണ്. ഏതർത്ഥത്തിലാണ് പ്രസ്താവിച്ചിരിക്കുന്നതു എന്നും നോക്കണം. അങ്ങനെ നോക്കാതെ വിരുദ്ധമെന്നു വെറുതെ പറയുന്നതു അബദ്ധം തന്നെയാണ്. ഭാഷയുടെ ഉപയോഗത്തിൽ ചിലപ്പോൾ ചിലർക്കു വിപരീതമായി തോ

ന്നാം. യഥാർത്ഥത്തിൽ അറിവില്ലാത്ത ഒരാൾക്കു ഒരു വ്യക്തി യേയോ ഒരു വസ്തുവിന്റേയോ മറ്റൊരാളായി, മറ്റൊന്നായി, തെറ്റിധരിക്കാനിടയുണ്ട്.

ജോൺ പണക്കാരനാണ്, ജോൺ ദരിദ്രനാണ് എന്ന വാക്ക് ഒറ്റ നോട്ടത്തിൽ വിപരീതമെന്നു തോന്നാം. പക്ഷെ അങ്ങനെ ആകണമെന്നില്ല. കാരണം ജോൺ എന്ന പേരിൽ രണ്ടു വ്യക്തികൾ ഉണ്ട്. രണ്ടാമതായി രണ്ടു വ്യത്യസ്ത സമയങ്ങളായിരിക്കാം പ്രതിപാദിക്കുന്നത്. മൂന്നാമതായി ധനികൻ എന്നും ദരിദ്രൻ എന്നും പറഞ്ഞിരിക്കുന്നതു വ്യത്യസ്ത അർത്ഥത്തിലാകാം. ജോൺ ആത്മീകമായി ധനികനും സാമ്പത്തികമായി ദരിദ്രനും ആകാം. മറിച്ചും ആകാം. ഇവിടെ പറയുന്ന പോയിന്റ് എന്തെന്നാൽ ഒരു പ്രസ്താവനയുടെ എല്ലാവശങ്ങളും പരിശോധിച്ചു അന്തിമമായിട്ടേ വിലയിരുത്താവു. ബൈബിളിൽ തന്നെ പ്രായോഗികതത്വം വെളിപ്പെടുത്തുന്നുണ്ട്.

## ഒരേ വ്യക്തി, അഥവാ കാര്യം

അവിശ്വാസികൾ ബൈബിളിൽ നിന്നു കണ്ടെത്തി എന്നു പറയപ്പെടുന്ന വിയോജിപ്പുകൾ എടുത്തുകാണിക്കാനായി ആവശ്യപ്പെടുമ്പോൾ പുരോഹിതന്മാർ ചുമന്നു കൊണ്ടുപോകുന്ന പെട്ടകത്തിൽ എങ്ങനെ നോഹയുടെ കാലത്തു ഭൂമിയിലെ ജന്തുക്കളും പക്ഷികളും നോഹയും കുടുംബവും എല്ലാം കയറി എന്നാണ് അവരുടെ ചോദ്യം. എന്നാൽ നിയമപെട്ടകവും നോഹയുടെ കാലത്തുണ്ടാക്കിയ പെട്ടകവും രണ്ടും രണ്ടാണ് എന്ന കാര്യം അവർക്കറിയില്ല. വേറൊന്നു അവർ പറയുന്നതു, ഒരിടത്തു രക്ഷക്കു പ്രവൃത്തി ആവശ്യമില്ലെന്നു പറയുന്നു. മറ്റൊരിടത്തു രക്ഷക്കു വേണ്ടി പ്രവർത്തിക്കാൻ പറയുന്നു എന്നതാണ്. വിവിധ പ്രവൃത്തികൾ ഉണ്ടെന്ന കാര്യം അവർ മനസിലാക്കുന്നില്ല. സൽപ്രവൃത്തികൾ വേറെ, ദൈവകല്പനകൾ അനുസരിക്കുന്ന പ്രവൃത്തി വേറെ (ഫിലിപ്പിയർ 2:12; യാക്കോബ് 2:14; റോമർ 3:28; എഫെസ്യർ 2:9)

## ഒരേ സമയ സൂചന

ബൈബിൾ രേഖ വ്യക്തമാക്കുന്നതു ദൈവത്തിന്റെ സൃഷ്ടി എല്ലാം നല്ലതു എന്നത്രെ (ഉല്പത്തി 1:31). പിന്നീട് പറയുന്നു, ദൈവം ഭൂമിയിൽ മനുഷ്യനെ സൃഷ്ടിച്ചതിൽ അവന്റെ മനസ്സിൽ ദുഃഖമു

ണ്ടായി എന്ന് (ഉല്പത്തി 6:6). അവിശ്വാസികൾ പറയുന്നതു ദൈവം തന്റെ സൃഷ്ടിയിൽ ഒരിക്കൽ തൃപ്തനായും മറ്റൊരിക്കൽ അതൃപ്തനായും കാണുന്നു എന്നത്രേ. യഹൂദാ സമയവും റോമാ സമയവും സുവിശേഷ വിവരണങ്ങളിൽ വ്യത്യാസം കാണാം. പക്ഷെ അതു രണ്ടും രണ്ടു സ്ഥലങ്ങളിലെ സമയക്രമം അനുസരിച്ചാണ് എഴുതിയിരിക്കുന്നതു. അതു വിയോജിപ്പല്ല എന്നു സൂക്ഷ്മമായി പരിശോധിച്ചാൽ അറിയാം.

## ഒരേ അർത്ഥം

ബൈബിളിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകളുടെ അർത്ഥം തിരിച്ചറിയേണ്ടതുണ്ട്. സാധാരണ, വാക്കുകൾ അക്ഷരികമായിട്ടാണ് ഉപയോഗിക്കുന്നത്. എന്നാൽ അവ ആലങ്കാരികമായും ഉപയോഗിക്കാറുണ്ട്. ഉദാഹരണമായി മത്തായി 11:14 ൽ യോഹന്നാൻ സ്നാപകനെ ഏലിയാവായി തിരിച്ചറിഞ്ഞു. യേശുവിന്നു മുന്നോടിയായി വന്ന യോഹന്നാൻ സ്നാപകൻ അതു നിഷേധിക്കയുണ്ടായി. യോഹന്നാൻ അക്ഷരികമായി ഏലിയാവായിരുന്നില്ല (യോഹന്നാൻ 1:21). എങ്കിലും ആത്മീയമായി ആ വലിയ പ്രവാചകന്റെ ആത്മാവോടുകൂടിയാണ് യേശുവിന്നു വഴി ഒരുക്കുവാൻ അവൻ വന്നതു (ലൂക്കോസ് 1:17).

## വൈപരീത്യഗുണങ്ങൾ

മറ്റൊരു തത്വം എന്തെന്നാൽ ഒരു വാതിൽ ഒരു സമയത്തു തന്നെ തുറക്കുകയും അടക്കുകയും ചെയ്യുന്നില്ല. പക്ഷെ വ്യത്യസ്തസമയങ്ങളിൽ അവ ചെയ്യുന്നുണ്ടുതാനും. എതിരായിട്ടുള്ളതു വൈരുദ്ധ്യങ്ങൾ ആകണമെന്നില്ല. ബൈബിൾ സംബന്ധമായ കാര്യങ്ങളിൽ ഈ തത്വം പ്രായോഗികമാക്കാം. ഒരേ സമയത്തു ദൈവത്തിനു സ്നേഹിക്കുവാനും വെറുക്കുവാനും കഴിയുമോ? ഇല്ല. വ്യത്യസ്തരായ ആളുകളിലാണ് ഇതു രണ്ടും സംഭവിക്കുന്നത്. സാഹചര്യവും വെവ്വേറെയായിരിക്കും. ദൈവം ലോകത്തെ സ്നേഹിക്കുന്നു (യോഹന്നാൻ3:16). തെറ്റായ എല്ലാ വഴികളും അവൻ വെറുക്കുന്നു(സങ്കീർത്തനങ്ങൾ119:104)അവൻ നീതിയെ ഇഷ്ടപ്പെടുന്നു. പക്ഷെ അകൃത്യത്തെ വെറുക്കുന്നു(സങ്കീർത്തനങ്ങൾ45:7). നന്മയോടുള്ള ദൈവത്തിന്റെ പ്രതികരണവും തിന്മയോടുള്ള അവന്റെ പ്രതികരണവും രണ്ടാണ്. പക്ഷെ അവ പരസ്പരം വിയോജിക്കുന്നതല്ല.

## അനുബന്ധങ്ങൾ വൈപരീത്യമല്ല

ഒരു അഭിപ്രായം ഒരേ സമയത്തു തെറ്റും ശരിയുമായിരിക്കയില്ല. ഒരു വ്യക്തി പറയുന്നു, "എനിക്കൊരു മകൻ ഉണ്ട്" പിന്നെ പറയുന്നു, "എനിക്കു ഒരു മകനില്ല" എന്നു പറഞ്ഞാൽ സാഹചര്യം നോക്കാതിരുന്നാൽ അതു വിപരീതമായി തോന്നും. പക്ഷെ "എനിക്കൊരു മകൻ ഉണ്ട്" എന്നു പറയുകയും പിന്നെ "എനിക്കു ഒരു മകൾ ഉണ്ട്" എന്നു പറയുകയും ചെയ്താൽ അതാണ് അനുബന്ധം. അതു വിയോജിപ്പല്ല. ബൈബിളിലെ വിവിധ ഉപയോഗങ്ങൾ വിയോജിക്കുന്നു എന്ന തോന്നലുളവാക്കുമ്പോൾ അതു ഈ തത്വത്തിൽ മനസ്സിലാക്കണം.

യെരിഹോവിലെ കുരുടനായ മനുഷ്യനെ യേശു സൗഖ്യമാക്കുന്നതു ഇതിനുദാഹരണമാണ് (മത്തായി 20:29; മർക്കൊസ് 10:48; ലൂക്കൊസ് 18:35). രണ്ടു പേരുടെ വിവരണത്തിൽ ഒരു കുരുടൻ സൗഖ്യമാക്കപ്പെട്ടു എന്നു പറയുന്നു. മറ്റൊരാൾ രണ്ടുപേർ സൗഖ്യമായി എന്നു പറയുന്നു. അതു ഒരു വിയോജിപ്പായി പറയാവുന്നതല്ല. മറിച്ച് ഒരു കുരുടൻ മാത്രം സൗഖ്യമായി എന്നു പറഞ്ഞിട്ട് വേറൊരാൾ രണ്ടു പേർ സൗഖ്യമായി എന്നു പറയുന്നുവെങ്കിൽ അതു പരസ്പര വിരുദ്ധമായി തീരും. ഇവിടെ കാര്യങ്ങൾ വിവേചിക്കുന്നതിൽ പറ്റുന്ന വീഴ്ചയാണ്. എന്നാൽ ബൈബിളിലെ എല്ലാ വാക്യങ്ങളും യോജിച്ചു തന്നെ നില്ക്കുന്നു.

★

## നിങ്ങൾ വിജയിക്കും ഞാൻ വാഗ്ദാനം ചെയ്യുന്നു

ഡേവിഡ് തർമാൻ

മശിഹ വന്നു പാപങ്ങളിൽ നിന്നു ദൈവ ജനത്തെ വീണ്ടെടുത്ത് പാപങ്ങളിൽ നിന്നു അവരെ രക്ഷിക്കുമെന്നു പഴയനിയമത്തിൽ മുഴുവനും വാഗ്ദാനം ചെയ്തിരിക്കുന്നു. അത്തരം ധാരാളം വാഗ്ദാനങ്ങൾ ദൈവം നൽകുന്നുണ്ട്. എന്നാൽ ആദ്യത്തേത് ഏറ്റവും നല്ലതാണ്. ജീവിതത്തിലെ മരണകരമായ പോരാട്ടങ്ങളിൽ നമുക്കു ജയിക്കാൻ കഴിയുമെന്നു ദൈവം ആദ്യം വാഗ്ദാനം ചെയ്തിരിക്കുന്നു. മരണത്തിൽ പോലും ജയം നൽകുമെന്ന് ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ട്.

"വെയിലാറിയപ്പോൾ യഹോവയായ ദൈവം തോട്ടത്തിൽ നടക്കുന്ന ഒച്ച അവർ കേട്ടു; മനുഷ്യനും ഭാര്യയും യഹോവയായ ദൈവം കാണാതിരിപ്പാൻ തോട്ടത്തിലെ വൃക്ഷങ്ങളുടെ ഇടയിൽ ഒളിച്ചിരുന്നു. നീ എവിടെ എന്നു ദൈവം ചോദിച്ചു. തോട്ടത്തിൽ നിന്റെ ഒച്ച കേട്ടു ഞാൻ നഗ്നനായതുകൊണ്ടു ഭയപ്പെട്ടു ഒളിച്ചു എന്നു അവൻ പറഞ്ഞു. നീ നഗ്നനെന്നു നിന്നോടു ആർ പറഞ്ഞു? തിന്നരുതെന്നു നിന്നോടു ഞാൻ കല്പിച്ച വൃക്ഷ ഫലം നീ തിന്നുവോ എന്നു ചോദിച്ചു;അതിനു മനുഷ്യൻ; എന്നോടു കൂടെ ഇരിപ്പാൻ നീ തന്നിട്ടുള്ള സ്ത്രീ വൃക്ഷ ഫലം തന്നു;ഞാൻ തിന്നുകയും ചെയ്തു എന്നു പറഞ്ഞു. സ്ത്രീയോടു ചോദിച്ചതിനു; പാമ്പു എന്നെ വഞ്ചിച്ചു ഞാൻ തിന്നു പോയി എന്നു സ്ത്രീ പറഞ്ഞു. യഹോവയായ ദൈവം പാമ്പിനോടു കല്പിച്ചതു നീ ഇതു ചെയ്കകൊണ്ടു എല്ലാ കന്നുകാലികളിലും എല്ലാ കാട്ടു മൃഗങ്ങളിലും വെച്ചു നീ ശപിക്കപ്പെട്ടിരിക്കുന്നു. ഇനി ഉരസു കൊണ്ടു ഗമിച്ചു നിന്റെ ആയുഷ്കാലമൊക്കെയും നീ പൊടി തിന്നും. ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിയ്ക്കും അവളുടെ സന്തതിയ്ക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാൽ തകർക്കും. സ്ത്രീ യോടു കല്പിച്ചതു: ഞാൻ നിനക്കു കഷ്ടവും ഗർഭധാരണവും ഏറ്റവും വർദ്ധിപ്പിക്കും. നീ വേദനയോടെ മക്കളെ പ്രസവിക്കും. നിന്റെ ആഗ്രഹം നിന്റെ ഭർത്താവിനോടാകും; അവൻ നിന്നെ ഭരിക്കും. മനുഷ്യനോടു കല്പിച്ചതോ നീ നിന്റെ ഭാര്യയുടെ വാക്കു അനുസരിച്ചു തിന്നരുതെന്നു ഞാൻ കല്പിച്ച വൃക്ഷ ഫലം തിന്നുക കൊണ്ട് നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു. നിന്റെ ആയുഷ്കാലമൊക്കെയും നീ കഷ്ടതയോടെ അതിൽ നിന്നു അഹോവൃത്തി കഴിക്കും. മുള്ളും പറക്കാരയും അതിൽ നിന്നു മുളെയ്ക്കും; വയലിലെ സസ്യം നിനക്കു ആഹാരമായിരിക്കും. നിലത്തു നിന്നു നിന്നെ എടുത്തിരിക്കുന്നു അതിൽ തിരികെ ചേരുവോളം മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിയ്ക്കും. നീ പൊടിയിൽ തിരികെ ചേരും (ഉല്പത്തി 3:8-19).

ആദ്യത്തെ പാപത്തെക്കുറിച്ചും ആ പാപത്തിന്റെ അനന്തരഫലത്തെക്കുറിച്ചും ആ വാക്യങ്ങളിൽ പറയുന്നുണ്ട്. അതേ സമയം ഒരു രക്ഷിതാവ് വിജയംനൽകുമെന്നും ആ വേദഭാഗം വെളിപ്പെടുത്തുന്നു

## ദൈവത്തിന്റേയും മറ്റുള്ളവരുടേയും മുമ്പാകെയുള്ള നമ്മുടെ ലജ്ജ

ആദാമും ഹവ്വയും ഒരിക്കൽ നഗ്നരായിരുന്നുവെങ്കിലും അവർ ലജ്ജ അറിഞ്ഞിരുന്നില്ല (ഉല്പത്തി 2:25) അവർക്കു ലജ്ജിക്കേണ്ട ഒരു കാര്യവും ഉണ്ടായിരുന്നില്ല . അവർക്കിടയിൽ തടസ്സങ്ങളോ പ്രശ്നങ്ങളോ ഉണ്ടായിരുന്നില്ല. അവർ ദൈവത്തോടു തുറന്നു ഇടപെട്ടിരുന്നു. ദൈവം തന്റെ സൃഷ്ടികളെ സന്ദർശിക്കുകയും ചെയ്തിരുന്നു. പുരുഷനും സ്ത്രീയും നാണിക്കാതെ ജീവിതം ആസ്വദിച്ചിരുന്നു.

പെട്ടൊന്നൊരിക്കൽ അവർ പാപം ചെയ്തപ്പോൾ അവർക്കു ലജ്ജ തോന്നി. അപ്പോൾ തങ്ങൾ നഗ്നരാണെന്നു അവർ തിരിച്ചറിഞ്ഞു. അതു അവരെ ദൈവത്തിൽ നിന്നു ഓടി ഒളിക്കുവാൻ പ്രേരിപ്പിച്ചു. മനുഷ്യ ചരിത്രത്തിൽ ആദ്യമായി ഭയവും ലജ്ജയും ഉണ്ടായി. തന്റെ കുറ്റമാണ് അവനെ ലജ്ജിതനാക്കിയത്. തന്റെ ദൈവത്തെ ഭയപ്പെടാൻ കാരണവും അതായിരുന്നു. ഇവയെല്ലാം തന്നെ അവർ ചെയ്ത പാപത്തിന്റെ ഫലമായിരുന്നു.

ഇതു നമുക്ക് ഒരു രക്ഷകൻ ആവശ്യമാണെന്നു ബോധ്യപ്പെടുത്തുന്നു. നാം ദൈവ മുൻപാകെ, മനുഷ്യരുടെ മുൻപാകെ ഭയന്നും ലജ്ജിതരായും ഇരിക്കുന്നു. ദൈവം അറിയുന്നില്ല എന്നാണ് നമ്മുടെ ധാരണ. ദൈവത്തിനും നമുക്കും മദ്ധ്യേ ഈ ഭയവും ലജ്ജയും ഇന്നും ഉണ്ടാകുന്നുണ്ട്. കാരണം നിയമലംഘനമാണ്. ദൈവത്തിനു സഹിക്കാൻ പറ്റാത്ത ഒന്നാണ് പാപം. ദൈവത്തിൽ നിന്നു മനുഷ്യർക്കു എവിടെ ഒളിക്കാൻ പറ്റും?

## ദൈവത്തെയും മറ്റുള്ളവരെയും കുറ്റപ്പെടുത്തൽ

ഈ വാക്കുകളിൽ താല്പര്യം ജനിപ്പിക്കുന്ന ചിലതു സംഭവിക്കുന്നുണ്ട്. പാപമില്ലാതിരുന്ന പറുദീസയിലായിരുന്നു ആദാമും ഹവ്വയും ഒരിക്കൽ ജീവിച്ചിരുന്നത്. എന്നാൽ എപ്പോൾ അവരിൽ ലംഘനം സംഭവിച്ചുവോ അപ്പോൾ മുതൽ അവർ മറ്റുള്ളവരേയും ദൈവത്തേയും കുറ്റപ്പെടുത്താൻ തുടങ്ങി. ആദാം തന്റെ ഭാര്യയെ കുറ്റപ്പെടുത്താൻ തുടങ്ങി. അതു കൂടാതെ ആദാം അതു ദൈവത്തിന്റെ തെറ്റായി സൂചിപ്പിക്കുന്നുണ്ട്. ദൈവമാണല്ലോ അവനു ആദ്യം സ്ത്രീയെ കൊടുത്തത്. വേറൊരർത്ഥത്തിൽ പറഞ്ഞാൽ നീ

ആ സ്ത്രീയെ തരുന്നതുവരെ ഞങ്ങൾ അവിടെ സുഖമായി കഴിയുകയായിരുന്നു. ഇപ്പോൾ ആദാം തന്റെ ഭാര്യയെയും ദൈവത്തെയും കുറ്റപ്പെടുത്തുകയാണ്

ഹവ്വയും മോശക്കാരിയല്ല. അവൾ തന്റെ കുറ്റം സമ്മതിക്കുന്നില്ല. അവൾ കുറ്റം ആരോപിക്കുന്നതു സർപ്പത്തെയാണ്. വീണ്ടും അവൾ ദൈവത്തെകുറ്റപ്പെടുത്തുകയാണ്. സർപ്പവും ദൈവത്തിന്റെ സൃഷ്ടിയിൽ ഉൾപ്പെട്ടതാണല്ലോ. അവൾ തന്റെ ഭർത്താവിന്റെ മോശമായ മാതൃക പിൻപറ്റുകയാണ്. അതുപിന്നെ മറ്റൊന്നിലേക്കു, മറ്റൊരാളിലേക്കു വിരൽ ചൂണ്ടുന്നു എന്നതാണ്.

പാപം നമ്മുടെ ഹൃദയങ്ങളിലും പ്രവൃത്തികളിലും വരുമ്പോൾ നമ്മുടെ തെറ്റുകൾക്കു നാം മറ്റുള്ളവരെ കുറ്റപ്പെടുത്തും. നമ്മെ മോശമായി വളർത്തിയതു മാതാപിതാക്കളാണ്. പഠിത്തം മോശമാകാൻ കാരണം വിദ്യാലയവും അദ്ധ്യാപകരുമാണ്. നാം തിരഞ്ഞെടുത്ത ഉത്തരവാദിത്വത്തിൽ നിന്നു ഒഴിഞ്ഞുമാറുന്ന സംസ്ക്കാരമാണ് മറ്റുള്ളവരിലേക്കു വിരൽ ചൂണ്ടുന്നതു. എന്നാൽ നല്ല പ്രവൃത്തികൾ ചെയ്യുമ്പോൾ അതു മറ്റുള്ളവർ കാരണമാണ് എന്നു നാം പറയുകയില്ല. നാം ലജ്ജിതരും മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നവരും ആകയാൽ നമുക്കു ഒരു രക്ഷകൻ ആവശ്യമാണ്.

## നമ്മുടെ നഷ്ടമാണ് നമ്മെ വേദനിപ്പിക്കാൻ കാരണം

ഈ തിരഞ്ഞെടുപ്പുകൾ കൊണ്ട് ആദാമും ഹവ്വയും വളരെയധികം വേദനിക്കേണ്ടി വന്നു അവർ പറുദീസയിൽ നിന്നു പുറത്താക്കപ്പെട്ടു. അവരുടെ ജീവിതം പിന്നെ മുമ്പിലത്തേതു പോലെ ആയില്ല. ആദാം തന്റെ കുടുംബത്തിനു നല്കേണ്ടതിന്നു അദ്ധ്വാനിക്കേണ്ടിവന്നു. അന്നു മുതൽ അവന്റെ ജീവിതം കഠിനാദ്ധ്വാനത്തോടെ നയിക്കേണ്ടി വന്നു. ഹവ്വയ്ക്കും വേദന കുറവായിരുന്നില്ല. അവൾ വേദനയോടെ മക്കളെ പ്രസവിക്കേണ്ടിവന്നു. അവരുടെ മക്കളിലേക്കും പാപം കടന്നു വരുന്നുണ്ട്. എന്നാൽ ആദ്യമായി പരാജയം മൂലം വേദന അനുഭവിക്കേണ്ടി വന്നതു ആദാമിനും ഹവ്വയ്ക്കുമായിരുന്നു.

ഇതു പലപ്പോഴും പ്രയാസമുള്ള ഒരു പാഠമാണ്. നാം മോശമായി തിരഞ്ഞെടുക്കുന്നതുകൊണ്ടാണ് വേദനിക്കേണ്ടി വരുന്നതു. ആരും നമ്മെ വിശ്വസിക്കാതിരുന്നതു നാം അവിശ്വസ്തത കാണിച്ചതുകൊണ്ടാണ്. ആരും നമ്മെ ഇഷ്ടപ്പെടാതിരുന്നതു നാം അവരെ

നമ്മിൽ നിന്നു അകറ്റിയതുകൊണ്ടാണ്. നാം കുട്ടികളോടു കഠിനമായി പെരുമാറിയാൽ അവർ അടുക്കാതിരിക്കുന്നതിൽ അതിശയിക്കാനില്ല. നാം കുട്ടികളെ എളുപ്പമുള്ളവരായി പോകുവാൻ അനുവദിച്ചാൽ അവർ അവരുടെ ജീവിതത്തിൽ ഉത്തരവാദിത്വം ഏറ്റെടുക്കുകയില്ല.

## പാപം ഭിന്നിപ്പിക്കുന്നു, പക്ഷെ യേശു സൗഖ്യമാക്കുന്നു

പാപത്തിന്റെ ഫലം നമുക്കു കാണാൻ കഴിയുന്നു. ആദാം ഹവ്വയെയും ഹവ്വ സർപ്പത്തേയും കുറ്റപ്പെടുത്തുന്നു. ഇരുവരും ദൈവത്തെയും കുറ്റപ്പെടുത്തുന്നു. പാപം നിമിത്തം ഈ ബന്ധങ്ങൾക്ക് ഉലച്ചിൽ സംഭവിക്കുന്നു. അതാണ് സാത്താന്റെ ഉന്നം. നമുക്കു അന്യോന്യവും ദൈവത്തോടുമുള്ള ബന്ധത്തെ തകർക്കുവാനാണ് പിശാച് ആഗ്രഹിക്കുന്നത്. സാത്താനു നമ്മിൽ സംശയം, അസൂയ, തെറ്റിദ്ധാരണ എന്നിവ ജനിപ്പിക്കാൻ കഴിഞ്ഞാൽ അവൻ ജയിച്ചു കഴിഞ്ഞു. പാപം വേർപാടുണ്ടാക്കുന്നു.

യേശുക്രിസ്തു എന്ന ഏക മദ്ധ്യസ്ഥൻ ആ വേർപാട് ഇല്ലാതാക്കി നമ്മെ ദൈവത്തോട് നിരപ്പിക്കുന്നു. "അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു അവനോടു കൂട്ടായ്മയുണ്ട്. യേശുവിന്റെ രക്തം നമ്മെ സകല പാപത്തിൽ നിന്നും ശുദ്ധീകരിക്കുന്നു" (1യോഹന്നാൻ 1:7). പാപം നീങ്ങുമ്പോൾ ലജ്ജ നീങ്ങുന്നു. കുറ്റം മായ്ച്ചു കളഞ്ഞു. യേശു മൂലം പാപത്താലുള്ള കഷ്ടത മാറി പോകുന്നു.

★

## കാറ്റും കടലും യേശുവിനെ അനുസരിക്കുന്നു

ചാൾസ് ബോക്സ്

യേശു മനുഷ്യനായി ജനിച്ചു ജനങ്ങൾക്കിടയിൽ ജീവിച്ചു പ്രവർത്തിച്ചു. താൻ ദൈവപുത്രനാണെന്നു വെറുതെ അവകാശപ്പെടുകയായിരുന്നില്ല ചെയ്തത്. പിന്നെയോ അതു സത്യമാണെന്നു തെളിയിക്കുന്ന അനവധി അടയാളങ്ങളും അത്ഭുതങ്ങളും അവൻ ചെയ്തു. നിക്കൊദേമൊസ്,"റബീ, നീ ദൈവത്തിന്റെ അടുക്കൽ നിന്നു ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു; ദൈവം തന്നോടുകൂടെ ഇല്ലെങ്കിൽ നീ ചെയ്യുന്ന ഈഅടയാളങ്ങളെ

ചെയ്യുവാൻ ആർക്കും കഴിയില്ല എന്നു പറഞ്ഞു" (യോഹന്നാൻ 3:2). അവൻ ആദ്യം ചെയ്ത അത്ഭുതം കാനാവിലെ കല്യാണ വിരുന്നിൽ വെള്ളത്തെ മുന്തിരിച്ചാറാക്കി മാറ്റിയതായിരുന്നു. അതായതു പ്രകൃതിയിലെ വസ്തുക്കൾ യേശുവിനെ അനുസരിക്കുന്നു എന്നർത്ഥം. നമുക്കു വിസ്മയം തോന്നുന്ന വിധത്തിൽ വെള്ളം വീഞ്ഞായി മാറി. ആ വീട്ടുകാരന്റെ പോരായ്മ നികത്തിക്കൊടുത്തു. യേശു ചെയ്ത മറ്റൊരു അത്ഭുതം കാറ്റിനേയും കടലിനേയും ശാന്തമാക്കിയതാണ്. കാറ്റടിച്ചു പടകു മുങ്ങുമെന്നായപ്പോൾ ശിഷ്യന്മാർ ഭയന്നുപോയി. അവർ കർത്താവിനെ വിളിച്ചുണർത്തി. അവൻ കല്പിച്ചു അവ അനുസരിച്ചു.

ലോകത്തിൽ പല ഭാഗങ്ങളിലായി അല്പ സമയംകൊണ്ട് കടലിലെ ജലം മല പോലെ വന്നു കരയിലേയ്ക്കു അടിച്ചു കയറി ആളുകൾ, വീടുകൾ, സമ്പാദ്യങ്ങൾ, മൃഗങ്ങൾ പക്ഷികൾ എന്നിവ നഷ്ടമായി. ആളുകൾ ഭയന്നോടി. അതിനു ആളുകൾ സുനാമി എന്നു പേരുമിട്ടു. അതുപോലെയുള്ള സംഭവങ്ങൾ ഇല്ലാതാക്കാൻ ദൈവത്തിനു കഴിയും. പക്ഷെ ആളുകൾ ദൈവത്തിലേയ്ക്കു തിരിയുന്നില്ല. ദൈവത്തിന്റെ സത്യമായ കല്പനകൾ വിശ്വസിച്ച് അനുസരിക്കാതെ ദൈവത്തിനു അവരെ ശക്തമാക്കാൻ പറ്റുകയില്ല. ബൈബിളിൽ വിവരിച്ചിരിക്കുന്ന ആ സംഭവത്തെ നമുക്കു വിശദമായൊന്നു പരിശോധിക്കാം.

## അത്ഭുതം രേഖപ്പെടുത്തിയിരിക്കുന്നു

മർക്കൊസിന്റെ വിവരണത്തിലേയ്ക്കു നമുക്കു വരാം. "അന്നു സന്ധ്യയായപ്പോൾ നാം അക്കരെയ്ക്കു പോക എന്നു അവൻ അവരോടു പറഞ്ഞു" അവൻ പുരുഷാരത്തെ വിട്ടു പടകിൽ ഇരുന്നു പടകു അവനെ കൊണ്ടു പോയി. മറ്റു ചെറു പടകുകളും കൂടെയുണ്ടായിരുന്നു. അപ്പോൾ വലിയ ചുഴലിക്കാറ്റ് ഉണ്ടായി. പടകിൽ തിര തള്ളിക്കയറുകകൊണ്ട് അതു മുങ്ങുമാറായി. അവൻ അരയത്തു തലയിണ വച്ചുറങ്ങുകയായിരുന്നു, അവർ അവനെ ഉണർത്തി. "ഗുരോ ഞങ്ങൾ നശിച്ചു പോകുന്നതിൽ നിനക്കു വിചാരം ഇല്ലയോ എന്നു പറഞ്ഞു. കാറ്റു അമർന്നു വലിയ ശാന്തതയുണ്ടയി. പിന്നെ അവൻ അവരോടു നിങ്ങൾ ഇത്ര ഭീരുക്കൾ ആകുവാൻ എന്തു? നിങ്ങൾക്കു ഇപ്പോഴും വിശ്വാസം ഇല്ലയോ എന്നു

പറഞ്ഞു. അവർ വളരെ ഭയപ്പെട്ടു; കാറ്റും കടലും കൂടെ അവനെ അനുസരിക്കുന്നുവല്ലോ;ഇവൻ ആർ' എന്നു തമ്മിൽ പറഞ്ഞു" (മർക്കൊസ്4:35-41) 'അടങ്ങുക, ശാന്തമാകുക' ഇതായിരുന്നു യേശു കല്പിച്ച കല്പന. കാറ്റും കടലും ആ കല്പനയ്ക്കു കീഴ്പ്പെട്ടു.

### അത്ഭുതം വിശദമാക്കിയിരിക്കുന്നു

യേശു പടകിൽ നിന്നു പുരുഷാരത്തോടു ഉപദേശിച്ചു കൊണ്ടിരുന്നു. അവൻ ശിഷ്യന്മാരോടു പടകിൽ കയറി അക്കരെയ്ക്കു പോകാമെന്നു പറഞ്ഞു അവർ അങ്ങനെ പടകിൽ കയറി. വലിയ ചുഴലിക്കാറ്റിൽ അകപ്പെട്ടിരുന്നു. ശിഷ്യന്മാർ പെട്ടെന്നു യേശുവിനെ ഉണർത്തി അവരെ സഹായിക്കണമെന്നു ആവശ്യപ്പെട്ടു. യേശു ഉറങ്ങുകയായിരുന്നു. യേശു പറഞ്ഞു "ശാന്തമാവുക, അടങ്ങുക". യേശു ഇതു പറഞ്ഞപ്പോൾ വളരെ ശാന്തത അനുഭവപ്പെട്ടു. പിന്നെ യേശു,ശിഷ്യന്മാരുടെ വിശ്വാസക്കുറവിനെ ശാസിച്ചു. "അവർ എല്ലാവരും ഭയപ്പെട്ടു. കാറ്റും കടലും കൂടെ അവനെ അനുസരിക്കുന്നുവല്ലോ. ഇവൻ ആർ എന്നു തമ്മിൽ പറഞ്ഞു (മർക്കൊസ് 4:41).

### അത്ഭുതത്തിന്റെ പ്രായോഗികത

ഉപദേശവും പ്രസംഗവും ശരീരത്തെയും മനസ്സിനേയും വറ്റിക്കും (2) വലിയ പ്രവർത്തികൾക്കു ശേഷം ചുഴലിക്കാറ്റുണ്ടായേക്കാം (3) ചുഴലിക്കാറ്റിൽ നിങ്ങൾ ഒറ്റക്കല്ല- മറ്റു ചെറിയ പടകുകളും ഉണ്ട് (4) യേശു ഉറങ്ങുകയായിരുന്നു. പക്ഷെ കരുതലില്ലാത്തവനായിരുന്നില്ല (5) ശരിയായ സമാധാനം വരുത്തുവാൻ യേശു ക്രിസ്തു എന്ന സമാധാന പ്രഭുവിനു മാത്രമേ കഴിയു.

★

## യാഗമല്ല - കരുണ

കെവിൻ കാലേ

പ്രയാസഘട്ടങ്ങളിൽ അസാധാരണത്വമുള്ളവനായിരുന്നില്ല നമ്മുടെ കർത്താവ്. പഴയ നിയമ ന്യായപ്രമാണത്തെ കുറിച്ചു വിവിധ ചോദ്യങ്ങൾ പരീശന്മാരും സദൂക്യരും നമ്മുടെ കർത്താവിനോടു ചോദിക്കയുണ്ടായി. ഓരോ സമയത്തും അവൻ തികഞ്ഞ ജ്ഞാനത്തോടും പൂർണ്ണസത്യത്തോടും കൂടെയാണ് മറുപടി പറഞ്ഞത്. ഈ നീതിയുടെ ശത്രുക്കൾ ഒരുപക്ഷെ വളരെ പ്രയാസമെന്നു തോ

ന്നിക്കുന്ന സാഹചര്യം ഉണ്ടാക്കിയതു യോഹന്നാൻ 8:3-11 വരെയുള്ള വേദഭാഗത്തു രേഖപ്പെടുത്തിയിരിക്കുന്നു. ശാസ്ത്രിമാരും പരീശന്മാരും വ്യഭിചാരകുറ്റത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. അവരുടെ ന്യായപ്രമാണ പ്രകാരം അവളെ ശിക്ഷക്കു വിധിക്കുമോ എന്നു പരീക്ഷിക്കുവാനായിരുന്നു അത്. ഇത്തരം കുറ്റങ്ങളിൽ പിടിക്കപ്പെട്ട ഒരുവനെ കല്ലെറിഞ്ഞു കൊല്ലണം എന്നാണ് ന്യായപ്രമാണത്തിൽ പറഞ്ഞിരിക്കുന്നത്(ലേവ്യാപുസ്തകം 20:10). ഒരാൾ മരിക്കണോ അതോ ജീവിക്കണോ എന്ന വിധി നടത്തുവാൻ യേശുവിനെ അനുവദിച്ചു കൊണ്ട് ശാസ്ത്രിമാരും പരീശന്മാരും കാത്തിരിക്കയാണ്.

ഈ സാഹചര്യം മറ്റാർക്കെങ്കിലുമാണെങ്കിൽ വിഷമ സന്ധി തന്നെയാകും. ഒരു ഭാഗത്തു ന്യായപ്രമാണം, മറുഭാഗത്തു അവൻ വന്നതു ന്യായപ്രമാണത്തെ നിവർത്തിപ്പാനത്രെ(മത്തായി5:17).അതേ സമയം യേശു വന്നതു ലോകത്തെ വിധിപ്പാനല്ല, രക്ഷിപ്പാനാണ് (യോഹന്നാൻ3:17).സംഭവം യാഥാർത്ഥ്യമായിരുന്നു. യേശുക്രിസ്തു എങ്ങനെ പഴയ നിയമന്യായപ്രമാണം നിവർത്തിക്കും? അതേ സമയം,കരുണ,ക്ഷമ എന്നിവയുടെ തത്വത്തെ മുറുകെ പിടിക്കുകയും വേണം.

ശാസ്ത്രിമാരും പരീശന്മാരും വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെയാണ് കൊണ്ടു വന്നിരിക്കുന്നത്. രണ്ടോ മൂന്നോ സാക്ഷികൾ കൂടാതെ ഇത്തരം ആരോപണങ്ങൾ ഉന്നയിക്കാവുന്നതല്ല. അതുകൊണ്ട് അതിലധികം സാക്ഷികളെയും കൊണ്ടാണ് വന്നിരിക്കുന്നത് (ആവർത്തന പുസ്തകം 17:6). ഇങ്ങനെയുള്ളവരെ കല്ലെറിഞ്ഞുകൊല്ലണം എന്നാണ് മൊശെ കല്പിച്ചിരിക്കുന്നത്. അതിനു സാക്ഷികളും വേണം. അതു അവർ യേശുവിനെ ഓർമ്മിപ്പിക്കയായിരുന്നു. എന്നിട്ടാണ് അവർ യേശുവിനോട് എന്തു ചെയ്യണമെന്ന് ചോദിച്ചത്. അവർ അവനെ പരീക്ഷിക്കേണ്ടതിന്നു ചോദിച്ചതായിരുന്നു. ആദ്യം യേശു അവരെ ഗണ്യമാക്കിയില്ല. ഈ സന്ദർഭത്തിൽ യേശു കുറ്റം വിധിക്കാൻ തയ്യാറായില്ല. അവർക്കു ഇങ്ങനെയുള്ള കാര്യങ്ങൾ കേട്ടു ശിക്ഷ വിധിക്കാൻ ന്യായാധിപ സംഘം ഉണ്ടായിരുന്നു. യേശു അവരിൽ ഉൾപ്പെട്ടിരുന്നില്ല (ലൂക്കോസ് 12:14). അതുകൊണ്ട് ഇത്തരം കുറ്റക്കാരെ യേശുവിന്റെ അടുക്കൽ ആയിരുന്നില്ല

കൊണ്ടു വരേണ്ടിയിരുന്നത്. അവൻ കുനിഞ്ഞു എഴുതിക്കൊണ്ടിരുന്നു എന്നാണ് തിരുവെഴുത്തു രേഖപ്പെടുത്തിയിരിക്കുന്നത്. പക്ഷെ ശാസ്ത്രിമാരും പരീശന്മാരും അവൻ വിധിക്കാതെ അവർ വിട്ടുപോകയില്ല എന്ന നിലയിലായി. അപ്പോൾ യേശു: നിങ്ങളിൽ പാപം ഇല്ലാത്തവർ ആദ്യം അവളെ കല്ലെറിയട്ടെ എന്നു പറഞ്ഞു.

പാപരഹിതമായ ജീവിതം നയിച്ചവർക്കേ വിധിക്കാൻ അവകാശമുള്ളൂ എന്ന അർത്ഥമല്ല ആ പ്രസ്താവനയിൽ ഉള്ളത്. മറിച്ച് ആ പ്രസ്താവന വാസ്തവത്തിൽ ആവർത്തന പുസ്തകം 17:7 സൂചിപ്പിക്കുകയാണ്, "അവനെ കൊല്ലേണ്ടതിന്നു ആദ്യം സാക്ഷികളുടേയും പിന്നെ സർവ്വ ജനത്തിന്റേയും കൈ അവന്റെ മേൽ വെക്കേണം ഇങ്ങനെ നിങ്ങളുടെ ഇടയിൽ നിന്നു ദോഷം നീക്കിക്കളയേണം" സാക്ഷികളാണ് ഇവരെ ആദ്യം കല്ലെറിയേണ്ടതു. ശരിയായ രീതിയിൽ വേണം അതിനെ കൈകാര്യം ചെയ്യുവാൻ എന്നർത്ഥം. അവർ യേശുവിനെ പരീക്ഷിക്കുവാൻ കൊണ്ടുവന്നതാണ്. അവരും ഈ കാര്യത്തിൽ പങ്കുകാരായിരുന്നതുകൊണ്ടു യേശുവിന്റെ ഉത്തരത്തിൽ അവർക്കു പിൻമാറേണ്ടി വന്നു. സ്വയംകുറ്റ ബോധമുണ്ടായിരുന്നതുകൊണ്ട് അവർ ഓരോരുത്തരായി പിരിഞ്ഞു പോയി. ശാസ്ത്രിമാരും പരീശന്മാരും വിട്ടുപോയി. ഇപ്പോൾ യേശുവും ആ സ്ത്രീയും മാത്രം അവശേഷിച്ചു.

അവരാരും അവൾക്കു ശിക്ഷ വിധിച്ചില്ല. യേശുവും അവൾക്കു ശിക്ഷ വിധിക്കാതെ "പോക ഇനി പാപം ചെയ്യരുത്" എന്നു പറഞ്ഞു വിട്ടു.

ഈ വേദ ഭാഗത്തു നിന്നു വലിയ പാഠങ്ങൾ പഠിക്കുന്നുണ്ട്. ഒരാൾ ഏതെങ്കിലും ഒരു പാപം നിമിത്തം കുറ്റം വിധിക്കപ്പെട്ടാൽ അതു കൊണ്ടു അയാളെ കൊല്ലണമെന്നല്ല പഠിപ്പിക്കുന്നത്. ദൈവത്തിന്റെ ഗുണങ്ങളിൽ മഹനീയമായ ഒന്നിവിടെ ദർശിക്കാം. സങ്കീർത്തനങ്ങൾ 103:8-13 വരെയുള്ള ഭാഗങ്ങളിൽ പറയുന്നതു: യഹോവ കരുണയും കൃപയും നിറഞ്ഞവൻ ആകുന്നു. ദീർഘക്ഷമയും മഹാദയയും ഉള്ളവൻ തന്നെ. അവൻ എല്ലായ്പ്പോഴും ഭർത്സിക്കയില്ല. എന്നേയ്ക്കും കോപം സംഗ്രഹിക്കയുമില്ല അവൻ നമ്മുടെ പാപങ്ങൾക്കു ഒത്തവണ്ണം നമ്മോടു ചെയ്യുന്നില്ല. നമ്മുടെ അകൃത്യങ്ങൾക്കൊത്തവണ്ണം നമ്മോടു പകരം ചെയ്യുന്നുമില്ല. ആകാശം ഭൂമിയ്ക്കു മീതെ ഉയർന്നിരിക്കുന്നതു പോലെ അവന്റെ ദയ അവ

ന്റെ ഭക്തന്മാരോടു വലുതായിരിക്കുന്നു. ഉദയം അസ്തമയത്തോടു അകന്നിരിക്കുന്നതു പോലെ അവൻ നമ്മുടെ ലംഘനങ്ങളെ നമ്മോടു അകറ്റിയിരിക്കുന്നു. അപ്പനു മക്കളോടു കരുണ തോന്നുന്നതു പോലെ യഹോവയ്ക്കു തന്റെ മക്കളോടു കരുണ തോന്നുന്നു".

ഞാൻ ചെയ്ത തെറ്റുകളെ ഓർക്കുമ്പോൾ ദൈവം ക്ഷമിക്കേണ്ട കാര്യമില്ല. പക്ഷെ ദൈവത്തിന്റെ കരുണയാൽ എന്നെ ശിക്ഷിക്കാതിരിക്കുന്നു. ഇതിനു ഞാൻ ദൈവത്തോടു നന്ദി പറയുന്നു. ആ മഹാദയയും കരുണയും മനസ്സലിവും നിമിത്തമാണ് നാം ഇന്നും ജീവിച്ചിരിക്കുന്നത്. സത്യത്തെ സ്നേഹിക്കാതെ അനീതിയിൽ രസിക്കുന്ന മനുഷ്യർക്കു വരാൻ പോകുന്ന ശിക്ഷയെക്കുറിച്ചോർക്കുമ്പോൾ അവരോടു വാസ്തവത്തിൽ സഹതാപം തോന്നും. "യാഗത്തിലല്ല ദൈവം പ്രസാദിക്കുന്നത് മറിച്ച് കരുണയിലത്രെ". അതാണ് കർത്താവ് നമ്മെ പഠിപ്പിക്കുന്ന പാഠം (ഹോശേയാ 6:6; മത്തായി 9:13; മത്തായി 12:7).

ദൈവ കാരുണ്യത്താലാണ് നമ്മെ അവൻ രക്ഷിക്കുന്നതു. നാം എത്ര തന്നെ സൽപ്രവൃത്തികൾ ചെയ്താലും, നമ്മുടെ ശരീരം ചുടുവാൻ ഏല്പിച്ചാലും അതുകൊണ്ടു നേടാവുന്ന ഒന്നല്ല രക്ഷ. സൗജന്യമായിട്ടാണ് ദൈവം ക്രിസ്തുവിൽ മനുഷ്യരെ രക്ഷിക്കുന്നത്. അതിനർത്ഥം നാം ദൈവത്തെ അനുസരിക്കേണ്ടതില്ല എന്നല്ല. ദൈവത്തെ അനുസരിക്കാതിരിക്കുന്നവർക്കു രക്ഷയില്ല. നാം ഈ സമൂഹത്തിൽ ജീവിക്കുമ്പോൾ എല്ലാ മനുഷ്യരോടും കരുണ കാണിക്കണം.അതു ക്രിസ്തു നമ്മെ പഠിപ്പിച്ചിരിക്കുന്ന തത്വമാണ്.

★

## പുതിയ സൃഷ്ടി

**ജെ.സി വാറ്റ്കിൻസ്**

പുതുതായി തീരുക എന്നതു ബൈബിൾ പഠിപ്പിക്കുന്ന ആശയമാണ്. അതു പ്രാവർത്തികമാക്കിയാൽ ഏതൊരാൾക്കും ജീവിതം സുഖമായിരിക്കും. അതാണല്ലോ എല്ലാവരും ആഗ്രഹിക്കുന്നത്. പക്ഷെ സുഖത്തിനായി ആളുകൾ കണ്ടെത്തുന്ന മാർഗ്ഗം പലതാണെന്നു മാത്രം. എന്താണ് പുതുതായി തീരുക എന്നുപറ

ഞ്ഞാൽ? അനേകർക്കു മനസ്സിലാക്കാൻ പറ്റാത്ത വിഷയമാണ്. യഹൂദ പ്രമാണിയായിരുന്ന നിക്കൊദേമോസിനു പോലും അതെന്താണെന്നു മനസ്സിലായിരുന്നില്ല. യേശുക്രിസ്തു അതു വിശദമാക്കി കൊടുക്കുന്നുണ്ട്. വെള്ളത്താലും ആത്മാവിനാലും ജനിക്കുന്നതാണ് പുതിയ ജനനം. ദൈവരാജ്യത്തിലേക്കു പ്രവേശനവും സാദ്ധ്യമാകുന്നതു പുതിയ ജനനത്താലാണ് (യോഹന്നാൻ 3:3-5). ഭൗതികമായി ഒരിക്കൽ നാം ജനിച്ചതാണ്. പക്ഷെ പാപം നിമിത്തം നാം ആത്മീയമായി മരിച്ചു. അതു കൊണ്ടു പുനർ ജനനം കൂടിയേ തീരു. ഈ വീണ്ടും ജനനത്തെ കുറിച്ചാണ് യേശു പറഞ്ഞത്.

"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയതു കഴിഞ്ഞു പോയി. ഇതാ അതു പുതുതായി തീർന്നിരിക്കുന്നു"(2 കൊരിന്ത്യർ 5:17). പാപം ചെയ്യുമ്പോൾ മനുഷ്യർ ക്രിസ്തുവിനെ കൂടാതെ ദൈവമില്ലാത്തവരായി ദൈവത്തിൽ നിന്നകന്നു പ്രത്യാശയില്ലാത്തവരായി കഴിയുന്നു (എബ്രായർ 19:16). വീണ്ടെടുപ്പും പാപമോചനവും ലഭിക്കുന്നതു ക്രിസ്തുവിലാകുന്നു. ക്രിസ്തുവിനു മാത്രമേ പാപങ്ങൾ മോചിച്ചു തരുവാനുള്ള അധികാരമുള്ളു. പാപികൾക്കു വേണ്ടി മരിച്ചു ഉയർത്തെഴുന്നേറ്റത് യേശു മാത്രമാണ് (മത്തായി 28:18) .

"ക്രിസ്തുവിനോടു ചേരുന്നവരാണ് ദൈവത്തിന്റെ മക്കൾ. അവരാണ് ക്രിസ്തുവിനെ ധരിക്കുന്നത്"(ഗലാത്യർ 3:27). ആത്മീയമായി ജനിക്കുന്നവർക്കാണ് ദൈവം സകല അനുഗ്രഹങ്ങളും നൽകുന്നത്. പാപത്തിൽ ജീവിച്ചു കൊണ്ടിരുന്നാൽ പുതിയ ജനനം അസാധ്യമാണ്. ക്രിസ്തുവിലായി തീരുന്നവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല. ക്രിസ്തുവിലാകുമ്പോൾ പുതിയസൃഷ്ടിയായി തീരുന്നു. പുതിയ സൃഷ്ടി ദൈവസ്വഭാവത്തിനുടമയായി തീരുന്നു.

ക്രിസതുവിനോടു ചേരുവാൻ ദൈവം കല്പനകൾ വച്ചിട്ടുണ്ട്. ആ കല്പനകൾ നാം പ്രമാണിച്ചാൽ അതിന്റെ ഫലം നമുക്കു അനുഭവിക്കാം. റോമയിലുണ്ടായിരുന്ന ക്രിസ്ത്യാനികൾ ക്രിസ്തുവിനോടു ചേരുവാൻ സ്നാനപ്പെട്ടവരായിരുന്നു. ക്രിസ്തുവിന്റെ മരണത്തിലും അടക്കത്തിലും ഉയിർപ്പിലും പങ്കാളികൾ ആകുന്നത് അപ്പോഴാണ്. മരണം, അടക്കം, ഉയിർപ്പ് എന്നിവയുടെ പ്രാധാന്യം നാം മനസ്സിലാക്കേണ്ടതുണ്ട്. പാപത്തിന്റെ ശമ്പളം മരണമാണ്,

ആ മരണത്തെയാണ് യേശു മരണത്താൽ നീക്കിയത്. തന്റെ ശരീരം കല്ലറയിൽ അടക്കപ്പെട്ടതു പോലെ നമ്മുടെ പാപങ്ങളെ വെള്ളമാകുന്ന കല്ലറയിൽ അടക്കം ചെയ്യണം. അങ്ങനെ വെള്ളത്തിൽ നിന്നു കയറി വരുന്നതു പ്രത്യേക ഉദ്ദേശത്തിനാണ്. പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റു ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനാണ് (റോമർ 6:3-4).

ക്രിസ്തുവിന്റെ പരിഛേദനയാൽ നമ്മുടെ ജഡ ശരീരത്തെ ഉരിഞ്ഞു കളയുകയാണ്. കൈകൊണ്ടല്ലാതെ നടക്കുന്ന പരിഛേദനയാണ്, ആന്തരികമായ ശുദ്ധിയാണ് സംഭവിക്കുന്നത്. കൊലൊസ്യ ലേഖനത്തിൽ അപ്പൊസ്തലനായ പൗലോസ് പറയുന്നതു, "സ്നാനത്തിൽ നിങ്ങൾ അവനോടു കൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേൽപ്പിച്ച ദൈവത്തിന്റെ വ്യാപാര ശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തിരിക്കുന്നു" (കൊലൊസ്യർ2:12).

ഒരാളുടെ പാപം മോചിക്കപ്പെടുന്നതും പുതുതായിതീരുന്നതും ക്രിസതുവിൽ ആകുമ്പോഴാണ്. പുതിയ സൃഷ്ടിയാകുമ്പോൾ ആത്മീയ സ്വഭാവത്തെ സ്വീകരിക്കുന്നു. അതുകൊണ്ടാണ് അപ്പൊസ്തലനായ പൗലൊസ് പറഞ്ഞതു ഇനി ജീവിക്കുന്നതു ഞാനല്ല, ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നതു. സ്നാനപ്പെടുമ്പോഴാണ് നാം ക്രിസ്തുവിനെ ധരിക്കുന്നത്. "നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടു കൂടെ ഉരിഞ്ഞു കളഞ്ഞു, തന്നെ സൃഷ്ടിച്ചവന്റെ പ്രതിമ പ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലൊ. പുതിയ സൃഷ്ടികളിൽ ക്രിസ്തുവത്രെ എല്ലാവരിലും എല്ലാം ആകുന്നത്" (കൊലൊസ്യർ3:10).

★

## സഭയിൽ അംഗമാകേണ്ടതുണ്ടോ?

ഫ്രാൻസിസ് ഡേവിഡ്

ദൈവ പുത്രനായ യേശു ഭൂമിയിൽ വന്നു മനുഷ്യരെ

സത്യം പഠിപ്പിച്ചു. വാഗ്ദാനങ്ങൾ നൽകിയതിൽ പ്രമുഖമായ ഒന്നാണ "സഭ പണിയും". എന്നതു. സഭ എന്നാലെന്തെന്ന് അറിയാത്തവർ പലര ണ്ട്. സഭ എന്നാൽ ഒരു സമുദായമായി കണക്കാക്കുന്നവർ ഉണ്ട്. സ എന്നാൽ കെട്ടിടമായി ഗണിക്കുന്നവർ ഉണ്ട്. ഇതൊന്നുമല്ല സഭ എന്നര സഭ എന്നാൽ ദൈവത്താൽ വിളിച്ചു ചേർക്കുന്നവരുടെ കൂട്ടമാണ്. ദൈ വചനം അഥവാ സുവിശേഷം ജനങ്ങളിൽ എത്തിക്കാ ൻ പറഞ്ഞതിനെ കാരണം ആളുകളെ സുവിശേഷത്താലാണ് വിളിക്കുന്നത് (2തെസലേ നിക്കർ2:14). സഭയുടെ നിർമ്മാതാവു യേശു ക്രിസ്തുവാണ്(മത്തായി16:18 സാമൂഹ്യമായ സംഘടനകൾ ഒന്നും സഭയല്ല. ലൗകിക സംഘടനകളിര ഓരോരുത്തർ ചേരുകയാണ്. ആ സംഘടനയുടെ നിയ മാവലികൾ അന സരിച്ചാണ് അംഗത്വം നല്കുന്നത്. എന്നാൽ പുതിയ നിയമസഭ അതിര നിന്നു വ്യത്യസ്തമാണ്.

ക്രിസ്തുവിന്റേതു എന്നു അവകാശപ്പെടുന്ന നിരവധി നാമധേ വിഭാഗങ്ങൾ ഉണ്ട്. അവയിൽ അംഗത്വമുളളവരും ധാരാളം ഉണ്ട്. അവ ക്കൊന്നും ബൈബിൾ അടിസ്ഥാനമില്ല. ബൈബിളിലെ സഭയുടെ പ്രത്യേ കത നോക്കിയാൽ അതു മനസ്സിലാകും. 'കർത്താവ് മരിച്ചു, അടക്കപ്പെട്ട ഉയിർത്തെഴുന്നേറ്റ ശേഷമുളള ആദ്യത്തെ പെന്തെകൊസ്തു നാളിൽ സ ആരംഭിക്കുന്നുണ്ട്. അപ്പൊസ്തലന്മാരുടെ പ്രസംഗം കേട്ടു വിശ്വസിക യും തങ്ങളുടെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടുകയും പാപങ്ങള ടെ മോചനത്തിനായി സ്നാനമേല്ക്കുകയും ചെയ്തവരെ യേശുക്രിസ്ത തന്റെ സഭയിലേയ്ക്കു ചേർത്തു (പ്രവൃത്തി 2:47). യേശുവാണ് സഭയു തല. സഭയ്ക്കു വേണ്ടതെല്ലാം നൽകുന്നതു ക്രിസ്തുവാണ്. സഭ ശുദ്ധയായും നിഷ്കളങ്കയായും നിർത്തേണ്ടതിനു അവൻ തന്നെത്തന്നെ സഭയ്ക്കു വേണ്ടി ഏല്പിച്ചു കൊടുത്തു. തന്റെ രക്തം കൊടുത്തു വി യ്ക്കു വാങ്ങിയതാണ് സഭ (പ്രവൃത്തി 20:28).

ദൈവത്തെ അനുസരിക്കുന്നവരാണ് അവന്റെ ആത്മീയ ഭവന കുന്ന സഭയിലുളളത്. തന്നെ അനുസരിക്കുന്നവരെയാണ് കർത്താവു ക്ഷിക്കുന്നത്. പഴയ നിയമ കാലത്തു നോഹയോടു ദൈവം ഒരു പെട്ടക ഉണ്ടാക്കുവാൻ പറഞ്ഞു. ജലപ്രളയത്തിൽ നിന്നു അവർ രക്ഷപ്പെ വാനായിരുന്നു അത്. അവനും കുടുംബവും പെട്ടകത്തിൽ കയറി, ദുഷ് ജനങ്ങൾ പ്രളയത്താൽ നശിച്ചപ്പോൾ നോഹയേയും കുടുംബത്തെയു ദൈവം രക്ഷിച്ചു. നോഹ പെട്ടകത്തിൽ കയറിയില്ലെങ്കിലും ഒന്നും സംഭ ക്കയില്ല എന്നു അവനു ചിന്തിക്കാമായിരുന്നു. അനുസരണക്കേടു നി ത്തമാണ് അന്നു ജനങ്ങൾ നശിച്ചു പോയതു. ദൈവത്തി

ദീർഘക്ഷമയെ നാം ഒരിക്കലും പരീക്ഷിക്കരുത്.

ഇന്നു രക്ഷകൻ യേശു മാത്രമാണ് (പ്രവൃത്തി4:12). അവൻ തന്റെ കല്പനകൾ അനുസരിക്കുന്നവരെ രക്ഷിക്കും. ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റു കഴിയുമ്പോൾ കർത്താവു തന്നെയാണ് അവന്റെ സഭയിലേയ്ക്കു രക്ഷിക്കപ്പെടുന്നവരെ ചേർക്കുന്നത്. അതിനു മാനുഷിക മൂല്യങ്ങളോ നിയമാവലികളോ അല്ല പ്രമാണിക്കേണ്ടത്. കർത്താവിന്റെ ആത്മീയശരീരത്തിൽ അവയവമാകുമ്പോൾ നമുക്കു ചില പ്രത്യേകതകൾ ഉണ്ട്. ദൈവിക സമാധാനം നമുക്കു ലഭിക്കും; ആത്മീയ സന്തോഷം അവർക്കു കിട്ടും. ലൗകികമായ നേട്ടങ്ങൾക്കു വേണ്ടിയല്ല കർത്താവു സഭയിലേയ് ക്കു ആളുകളെ ചേർക്കുന്നത്.പിന്നെയോ ആത്മീയ പ്രയോജനങ്ങൾക്കാണ്.

ഇരുട്ടിന്റെ അധികാരമാണ് ലോകത്തിലുള്ളത്. അതിൽ നിന്നു നമ്മെ വിടുവിക്കാൻ കർത്താവിനു മാത്രമേ കഴിയു. അവൻ നമ്മെ വിടുവിച്ചു അവന്റെ രാജ്യത്തിലാക്കി തീർക്കുന്നു (കൊലോസ്യർ1:13). കർത്താവിന്റെ സഭയെ ഒരു ശക്തിയ്ക്കും പരാജയപ്പെടുത്താൻ സാദ്ധ്യമല്ല. കർത്താവു വീണ്ടും വരുന്നതു അവന്റെ സഭയെ ചേർക്കുന്നതിനാണ്. ആ രാജ്യം അവൻ പിതാവിനു ഏല്പിച്ചു കൊടുക്കും (1 കൊരിന്ത്യർ 15:23-24). സഭയ്ക്കു പ്രാധാന്യമില്ലെന്നു പറയുന്നവർ തങ്ങളുടെയും മറ്റുള്ളവരുടേയും നാശമാണ് ആഗ്രഹിക്കുന്നത്. നിങ്ങൾ കർത്താവിന്റെ സഭയിൽ ആയില്ലെങ്കിൽ നിങ്ങൾക്കു നഷ്ടമാകുന്നത് നിങ്ങളുടെവിലപ്പെട്ടആത്മാവായിരിക്കും.

ദൈവ രാജ്യത്തിൽ അംഗമാവുക എന്നതു മഹത്തായ ഒരു പദവിയാണ്. സ്ത്രീയായാലും പുരുഷനായാലും ദൈവ നിയന്ത്രണത്തിൽ ആകുമ്പോൾ നാം ദൈവ സന്നിധിയിൽ ആകുന്നു എന്നോർക്കുക. കർത്താവിന്റെ സഭയും ദൈവ രാജ്യവും ഒന്നായതുകൊണ്ട് ഈ ഭൂമിയിലെ നമ്മുടെ ജീവിതം പ്രയോജന പ്രദമായി തീരും. മാത്രമല്ല, ആതു നിത്യ ജീവിതത്തിന്റെ ആരംഭമാണ്. വചനത്താൽ വീണ്ടും ജനിക്കപ്പെടുന്നവർക്കാണ് ഭാഗ്യകരമായ പ്രത്യാശയുള്ളത്. ദൈവരാജ്യത്തിൽ അംശികളാകാത്തവർക്കു പ്രത്യാശയില്ല. അതുകൊണ്ടു ദൈവ രാജ്യത്തിൽ പ്രവേശനം ലഭിക്കാത്തവർ അതിനു വേണ്ട ദൈവിക നിബന്ധനകൾ ഉടനെ അനുസരിക്കണം. കാരണം മരണശേഷം അത് അസാദ്ധ്യമായിതീരും.

★

## ഇരയായെത്തിയ കോഴി പെരുമ്പാമ്പിനു തോഴി

സീതത്തോട്: പെരുമ്പാമ്പും കോഴിയും തമ്മിൽ അപൂർവ്വ ചങ്ങാത്തം. ഭക്ഷണമായി ലഭിച്ച കോഴിയുമായി ചങ്ങാത്തം കൂടിയിട്ടു നാലുമാസം കഴിഞ്ഞു. പെരുമ്പാമ്പിന്റെ മുട്ടകൾക്കു അടയിരിക്കുന്നിടത്തോളമെത്തി കൂട്ടുകെട്ട്.

വെച്ചൂച്ചിറ കൊല്ലമുള ലിറ്റിൽ ഫ്ളവർ പബ്ലിക് സ്കൂളിലെ മൃഗ സങ്കേതത്തിലാണ് ഇരയെ അരുമയായി കാണുന്ന പെരുമ്പാമ്പ്. എട്ടു വർഷം മുമ്പുണ്ടായ വെള്ളപ്പൊക്കത്തിൽ കുരുമ്പൻ മൂഴി ആറിന്റെ തീരത്തു നിന്നാണ് രണ്ടു പെരുമ്പാമ്പുകളെ ലഭിച്ചത്. സ്കൂളിലെ ഇക്കോ ക്ലബിന്റെ ആഭിമുഖ്യത്തിലുള്ള മൃഗ സങ്കേതത്തിൽ പ്രത്യേകം കൂടു നിർമ്മിച്ചു പാമ്പുകളെ സംരക്ഷിക്കാൻ സ്കൂൾ അധികൃകർ തീരുമാനിച്ചു. ഇതിനിടെ ആൺ പാമ്പിനെ വിഴുങ്ങി പെൺ പാമ്പ് ഏകാന്തവാസത്തിലായി. കോഴിയാണു സ്ഥിര ആഹാരം. ഭക്ഷണത്തിനായി നൽകിയ ഒരു കോഴിയുമായാണു പാമ്പു സ്നേഹത്തിലായത്.

കോഴിയെ തിന്നില്ല എന്നു മാത്രമല്ല, ഊണിലും ഉറക്കത്തിലും ഒപ്പം കോഴി കൂട്ടിനുണ്ടായിരിക്കണമെന്ന നിർബന്ധത്തിലുമായി. പാമ്പിന്റെ ശരീരത്തിൽ പറ്റിയിരിക്കുന്ന പ്രാണികളെ കൊത്തിപ്പെറുക്കിയും പാമ്പിനു മീതെ പറന്നു ചാടിയും കോഴി കാട്ടുന്ന സാഹസം കാണാൻ സ്കൂളിൽ തിരക്കേറിയിട്ടുണ്ട്.

പന്ത്രണ്ടു വയസ്സു പ്രായമുള്ള പാമ്പിനു മൂന്നു മീറ്റർ നീളമുണ്ട്. സ്കൂളിന്റെ സങ്കേതത്തിലെത്തിയ ശേഷം ആദ്യമായാണു പാമ്പു മുട്ടയിടുന്നത്. പല വലുപ്പത്തിലുള്ള മുട്ടകൾ 100 ഗ്രാം മുതൽ 300 ഗ്രാം വരെ തൂക്കം വരും.

കാഴ്ചക്കാർക്കു നേരെ ക്രുദ്ധയാകുന്ന പാമ്പിനു മുറിവേറ്റതു മൂലം ഇപ്പോൾ ചാത്തൻതറ വെറ്ററിനറി സർജൻ ഡോ.ടി. അനിൽ കുമാറിന്റെ നിരീക്ഷണത്തിലാണ്. മുറിവു ഭേദമായാലുടൻ പാമ്പിനെ കാട്ടിലേയ്ക്കു അയയ്ക്കുമെന്നും മുട്ടകൾ പാമ്പു വളർത്തൽ

കേന്ദ്രത്തിനു കൈമാറുമെന്നും സ്കൂൾ മാനേജർ ഫാ. ജോൺ പൂവത്താനിക്കലും പ്രിൻസിപ്പൽ ഫാ. സിബി ഞാവള്ളി കുന്നേലും പറഞ്ഞു.

★

## രാജകീയയാത്രയുടെ ഓർമ്മയോടെ വിശുദ്ധവാരം ആചരിച്ചു

തിരുവനന്തപുരം: യെരുശലേമിലേയ്ക്കുള്ള യേശുവിന്റെ രാജകീയ പ്രവേശനത്തിന്റെ ഓർമ്മ പുതുക്കി ക്രൈസ്തവർ ഓശാനത്തിരുനാൾ ആഘോഷിച്ചു. വലിയ നോമ്പിന്റെ പ്രധാന ഭാഗമായ വിശുദ്ധവാരത്തിലേയ്ക്കു പ്രവേശനം കൂടിയാണ് ഓശാനത്തിരുനാൾ. രണ്ടായിരം വർഷം മുമ്പ് യെരുശലേം വീഥികളിൽ യേശുവിനെ ഒലിവിൻ ചില്ലകളും പൂക്കളുമായി വരവേറ്റതിന്റെ സ്മരണയിൽ കുരുത്തോലകളും പൂക്കളും ദേവാലയങ്ങളിൽ നിറഞ്ഞു. കുരുത്തോല വാഴ്‌വിന്റെ ശുശ്രൂഷ, കുരുത്തോലകളേന്തിയുള്ള പ്രദക്ഷിണം തുടങ്ങിയ പ്രത്യേക ശുശ്രൂഷകളും നടന്നു.

ദാവീദിന്റെ പുത്രന് ഓശാന എന്നുള്ള സ്തോത്ര പ്രഖ്യാപനങ്ങളുമായായിരുന്നു ദേവാലയങ്ങളിലെ ആഘോഷം.

★

## ടെറിയുടെ കഥ നീട്ടാൻ നിയമവും ബുഷും

ഫ്ളോറിഡ: ടെറി ഷിയവോയെ അങ്ങനെ മരിക്കാൻ വിടില്ലെന്നു റിപ്പബ്ലിക്കൻ കക്ഷി. പതിനഞ്ചു വർഷമായി കടുത്ത അബോധാവസ്ഥയിൽ, ട്യൂബ് വഴിയുള്ള ദ്രവഭക്ഷണത്തിന്റെ മാത്രം ബലത്തിൽ ജീവിക്കുന്ന ടെറിയുടെ (41) ഭക്ഷ്യ ട്യൂബ് എടുത്തു മാറ്റാനുള്ള ഫ്ളോറിഡ കോടതിയുടെ വിധിക്കെതിരെ ഫെഡറൽ സുപ്രീം കോടതിയിൽ അപ്പീൽ നൽകാൻ റിപ്പബ്ലിക്കൻ

കക്ഷിക്കു ഭൂരിപക്ഷമുള്ള സെനറ്റും കോൺഗ്രസും പ്രത്യേക നിയമം ഉടൻ പാസാക്കും. നിയമത്തിൽ ഒപ്പിടാൻ പ്രസിഡന്റ് ജോർജ് ബുഷ് ടെക്സസിലെ കൃഷിത്തോട്ടത്തിലെ അവധിക്കാല വാസം വെട്ടിച്ചുരുക്കി വാഷിങ്ടണിലെത്തും.

ജീവച്ഛവമായി കഴിയുന്ന ടെറിയെ ആ അവസ്ഥയിൽ നിന്നു മോചിപ്പിച്ച് മരിക്കാൻ അനുവദിക്കണമെന്ന ഭർത്താവ് മൈക്കൽ ഷിയവോയുടെ അപേക്ഷ ഫ്ളോറിഡയിലെ സുപ്രീം കോടതി കഴിഞ്ഞദിവസം അന്തിമമായി അംഗീകരിച്ചിരുന്നു. അതിനനുസരിച്ചു വെള്ളിയാഴ്ച ഭക്ഷ്യ ട്യൂബ് വിഘടിപ്പിച്ചിരുന്നു.

ട്യൂബു മാറ്റിയാൽ ടെറി ഏഴു മുതൽ പതിനാലു ദിവസം വരെയേ ജീവിച്ചിരിക്കുള്ളൂ എന്നാണു ഡോക്ടർമാരുടെ അഭിപ്രായം.

ഫ്ളോറിഡ കോടതി വിധിക്കെതിരെ ഫെഡറൽ കോടതിയിൽ അപ്പീൽ നൽകാൻ നിയമപരമായി ഇപ്പോൾ വകുപ്പില്ലാത്തതു മൂലമാണുപ്രത്യേക നിയമം പാസാക്കാൻ നീക്കം.

എന്നാൽ, ഫെഡറൽ കോടതിയിൽ എത്തിയാലും അനുകൂല വിധി റിപ്പബ്ലിക്കൻ നേതാക്കൾ പ്രതീക്ഷിക്കുന്നില്ല. കാരണം ഈ കേസിൽ ഇടപെടാൻ ഫെഡറൽ സുപ്രീം കോടതി മൂന്നു തവണ വിസമ്മതിച്ചതാണ്.

എന്നാൽ പുതിയ നിയമ പ്രകാരം ഫെഡറൽ സുപ്രീം കോടതി കേസ് പരിഗണനയ്ക്ക് എടുത്താൽ അന്തിമവിധി വരുന്നതുവരെയെങ്കിലും ട്യൂബ് വീണ്ടും ഘടിപ്പിച്ചു ടെറിയുടെ ജീവൻ നിലനിർത്താനാകുമെന്ന് കോൺഗ്രസിലെ റിപ്പബ്ലിക്കൻ നേതാവ് ടോംഡിലെ പറഞ്ഞു.

ട്യൂബ് ഭക്ഷണത്തിലൂടെയാണു ടെറിയിൽ ജീവൻ അവശേഷിക്കുന്നതെങ്കിലും ജീവസ്പന്ദനം സ്വയം നിലയ്ക്കുന്നതുവരെ നിലനിർത്തേണ്ടതു ധാർമ്മിക പ്രശ്നമാണെന്നാണു റിപ്പബ്ലിക്കൻ നിലപാട്.

പതിനഞ്ചു വർഷം മുൻപു ഹൃദയാഘാതത്തെ തുടർന്നാണു ടെറിയുടെ തലച്ചോറിന്റെ പ്രവർത്തനം മിക്കവാറും നിലച്ചത്. അന്നു മുതൽ വുഡ്സൈഡ് ആശുപത്രിയിൽ ജഡജീവിതത്തിലാണു ടെറി.

ടെറിയെ മരിക്കാൻ അനുവദിക്കണമെന്നും അരുതെന്നും വാദിക്കുന്നവരായി അമേരിക്കൻ മനസ്സ് രണ്ടു തട്ടിലാണ്.

★

## യേശുവിന്റെ കാലത്തിനു റഷ്യൻ ഭാഷ്യം

മോസ്കോ: രണ്ടു റഷ്യൻ വിദഗ്ധരുടെ പുതിയ ഗണിത, ജോതി ശാസ്ത്രഗണിത രീതിയനുസരിച്ച് യേശുക്രിസ്തു ജനിച്ചത് 1152-ാം വർഷത്തിൽ. കുരിശിലേറ്റപ്പെട്ടത് 1185-ൽ. ചരിത്ര പ്രകാരവും വിശ്വാസപ്രകാരവും യേശു ജീവിച്ച കാലത്തേക്കാൾ 1100 വർ ഷം കഴിഞ്ഞാണു യേശുവിന്റെ യഥാർത്ഥ കാലമെന്നു വാദിക്കുന്നത് മോസ്കോ സർവകലാശാലയിലെ ഗണിത ശാസ്ത്രജ്ഞരായ അനാത്തലി ഫൊമെങ്കോയും ഗ്ലെബ് നൊസേവ്സ്കിയുമാണ്. ഇപ്പോൾ അവലംബിക്കുന്ന ചരിത്ര കാലഗണന 16,17 നൂറ്റാണ്ടുകളിൽ രൂപം നൽകിയതാണെന്നാണ് ഇവർ പറയുന്നത്.

★

## പഴയ വിത്തുകളും പുതിയ നന്മകളും

ബൗദ്ധിക സാമ്പത്തികത്തിന്റെ അവകാശം കുറേനാളായി ഒരു വിവാദ വിഷയമാണ്. പുതിയ സാങ്കേതിക വിദ്യകൾ കണ്ടുപിടിക്കുകയും വികസിപ്പിച്ചെടുക്കുകയും ചെയ്യുന്നവർക്ക് പ്രോത്സാഹനം നൽകാൻ അവരുടെ കണ്ടുപിടിത്തങ്ങൾക്ക് ദീർഘകാല പേറ്റന്റ് നൽകണമെന്ന് പാശ്ചാത്യ രാജ്യങ്ങൾ വാദിക്കുന്നു. ഉല്പന്നത്തിനു മാത്രമല്ല, ഉല്പന്നം നിർമ്മിക്കാനുപയോഗിക്കുന്ന പ്രക്രിയയ്ക്കും പേറ്റന്റുണ്ട്. സമഗ്രമായ പേറ്റൻ് അവകാശം ലഭ്യമാണെങ്കിൽ ആധുനിക സാങ്കേതിക വിദ്യകൾ

മുഴുൻ അവികസിത മൂന്നാം ലോക രാജ്യ ങ്ങളിലെത്തിക്കാമെന്ന് അവർ പറയുന്നു. ഇങ്ങനെ സാങ്കേതിക വിദ്യയുടെ ഒഴുക്കുണ്ടാകുന്നതോടെ, വികസനം വളരെ വേഗം മൂന്നാം ലോക രാജ്യങ്ങളിലും എത്തിക്കാം എന്നാണ്.

പക്ഷേ ലോക വ്യാപാര ഉടമ്പടി നിലവിൽ വന്നു നാലഞ്ചു വർഷമായെങ്കിലും പുതിയ സാങ്കേതിക വിദ്യകളുടെ ഒഴുക്ക് ഇതുവരെ സംഭവിച്ചിട്ടില്ല. പകരം ഇവിടെ പരമ്പരാഗതമായി വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യകളുടെ ഒഴുക്ക് ഇതുവരെ സംഭവിച്ചിട്ടില്ല. പകരം ഇവിടെ പരമ്പരാഗതമായി വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യകളും പ്രകൃതിദത്തമായ വിഭവങ്ങളും ബൗദ്ധിക സ്വത്തവകാശത്തിന്റെ പേരിൽ പേറ്റന്റുകളാക്കി, പണം വാരാനുള്ള ശ്രമമാണ് നാം കണ്ടത്.

അമേരിക്കയിൽ മോൺസാൻടോ തുടങ്ങിയ ബഹുരാഷ്ട്ര കമ്പനികളുടെ വിത്തുപയോഗിച്ചു സോയാബീൻ കൃഷിയിറക്കി. അപ്പോൾ മോൺസാൻടോയുടെ ആൾക്കാർ അവിടെയെത്തി വിത്തിനു റോയൽറ്റി ആവശ്യപ്പെട്ടു കേസ് കൊടുത്തു. നാം നമ്മുടെ മണ്ണിൽ വിതച്ചു കൃഷി ചെയ്തുണ്ടാക്കുന്ന വിത്തു നമ്മുടെ മണ്ണിന്റേയും സ്വത്തല്ലേ? അതിനെന്തിന് റോയൽറ്റി?

നമ്മുടെ 1996 ലെ വിത്തു നിയമം നവീകരിക്കേണ്ടി വന്നിരിക്കുന്നത് ഈ സാഹചര്യത്തിലാണ്. ഇന്നത്തെ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെട്ടു പോകുന്ന പുതിയ വിത്തു നിയമം നമുക്കു വേണം.

★

## ടെറിയ്ക്കു കൂട്ടായി മരണമെത്തി

പതിനഞ്ചു വർഷത്തെ നീണ്ട മരവിപ്പിനു ശേഷം വീട്ടുകാരുടെ തർക്കങ്ങൾക്കും വാദങ്ങൾക്കും അറുതി വരുത്തി മരണം ടെറിയെ അനശ്വരതയിലേയ്ക്കു നടത്തി. ഭക്ഷണക്കുഴൽ നീക്കി പതിമൂന്നാമത്തെ ദിവസമായിരുന്നു അന്ത്യം. ഭക്ഷണക്കുഴൽ പുനഃസ്ഥാപിക്കാനുള്ള മാതാവിന്റെ അഭ്യർത്ഥന പലതവണ കോടതി തള്ളിക്കളഞ്ഞിരുന്നു.

★

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6:45 A.M.-7:00 A.M. and Thursdays, 6:45 A.M- 7:00 A.M. Speaker Sunny David, Box 3815, New Delhi - 110049 |
| **Malayalam** | Firday 3:45 - 4.00 P.M. Speaker : P. K.Varghese Box 5540, Trivandrum - 34 |
| **Tamil** | Mondays, Tuesdays, Wednesdays, Thursdays, Fridays 5:30 P.M. to 5.45 P. M. Speaker: P.R. Swamy, Box 8405, Bangalore- 560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P. M - 2:15 P. M. Speaker, Joshua Gootam, Box-80, Kakinada - 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your langauage. All of these programmes are sponsored by

## CHURCHES OF CHRIST

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum - 695 035, Kerala, India

**Price of Single Copy: Rs.4**

Annual subscription : Rs. 50/-
Reg. No.K. Dis. 90095/86/A8. Reg. No. KL(N) 22/2003-2005
Licensed to post without prepayment No. Tech/62-2 TV(N) 40/2005

*Join us to worship God in Spirit and Truth*
*The*
**CHURCH OF CHRIST**
Meets at T.C. 27/225
Thampuranmukku, Trivandrum-35
**Sunday - worship -10.00 am**
**Tuesday - Bible Study - 6.00 pm**
**ALL ARE WELCOME**

All correspondence should be sent to the Editor, The Bible Truth
Post Box No. 5540, Trivandrum-34, Kerala, India.

*From*

**THE BIBLE TRUTH**
**Church of Christ**
Thampuranmukku,
Trivandrum-35
Kerala, India.
Phone : 2303378

*To*